ഡിജിറ്റൽ മാഗസിൻ - 2020

# മിടിപ്പിൻ വർണങ്ങൾ



സ്കൂൾ ലിറ്റിൽ കൈറ്റ്സ് | ജി.എച്ച്.എസ്.കരിപ്പൂര്

## പറയുവാനുള്ളത്....



**സ്കൂൾലിറ്റിൽകൈറ്റ്സ്** -2019 ലെ കൂട്ടുകാരാണ് ഞങ്ങൾ.**സ്കൂൾ ലിറ്റിൽകൈറ്റ്സ്** എന്ന പേര് ഞങ്ങൾക്കിഷ്ടമാണ്.കഴിഞ്ഞ വർഷത്തെ കൂട്ടുകാരുടെ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞാണ് ഞങ്ങൾക്കിതിനോട് ഇഷ്ടമായത്.കഴിഞ്ഞ വർഷത്തെ **'അൺ എഡിറ്റഡ്'** എന്ന ലിറ്റിൽകൈറ്റ് മാഗസിൻ ഞങ്ങൾ വായിച്ചിരുന്നു.ഈ വർഷം വളരെ വൈകിയാണ് മാഗസിൻ നിർമാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങിയത്.കുട്ടികളിൽ നിന്നും കഥ,കവിത,അനുഭവക്കുറിപ്പ് എന്നിവ ശേഖരിച്ചു.മാത്രമല്ല ക്ലാസിലെ സർഗാത്മകമപ്രവർത്തനങ്ങളിലുണ്ടായ ഉത്പന്നങ്ങൾ കൂടി ഞങ്ങൾ മാഗസിനിൽ ഉൾപ്പെടുത്തി. വളരെ ലളിതമായ ഒരു മാഗസിനാണ് ഞങ്ങളുടേത്.നിങ്ങളതു വായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ജ്യോതിക വി ക്ലാസ് 9**
**എഡിറ്റർ**

**(ലിറ്റിൽകൈറ്റ്സ് ജോയിന്റ് കൺവീനർ)**

## എഡിറ്റോറിയൽബോർഡ്





## ആശംസകളോടെ.........

**സ്കൂൾലിറ്റിൽകൈറ്റ്സ്** ന്റെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്ന ഞങ്ങളുടെ സ്കൂളിൽ ഈ വർഷവും ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്.ക്ലാസ് മുറിയിലെ ദൈനംദിന പഠനപ്രവർത്തനങ്ങളിൽനിന്നും രൂപപ്പെടുന്ന ഉത്പന്നങ്ങളാണ് ഈ മാഗസിനിൽ കൂടുതലും.കുട്ടികളുടേയും അധ്യാപകരുടേയും സർഗാത്മകരചനകളും ഈ മാഗസിനു മാറ്റു കൂട്ടുന്നു.സ്കൂൾ ലിററിൽകൈറ്റ്സ് ന്റെ സംസ്ഥാന ജില്ലാതല അവാർഡുകൾ നേടിയ ഞങ്ങളുടെ കൂട്ടുകാരുടെ ഈസംരംഭവവുംഅഭിനന്ദനീയംതന്നെ.ക്ലാസ് പ്രവർത്തനങ്ങളുടെ ഈ സർഗാത്മകാവിഷ്കാരത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ.

**അനിത വി എസ്**
**ഹെഡ്മിസ്ട്രസ്സ്**



**കരിപ്പൂര്** ഗവ.ഹൈസ്കൂളിലെ വേറിട്ടപ്രവർത്തനങ്ങളിലൊന്നായ ലിറ്റിൽകൈറ്റ്സ് മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും ആശംസകൾ

**ഗ്ലിസ്റ്റസ് ആർ**
**പി റ്റി എ പ്രസിഡന്റ്**



**സ്കൂൾലിറ്റിൽകൈറ്റ്സി**ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും.

**സുമിത പി എസ്**

സ്കൂൾ ലിറ്റിൽകൈറ്റ്സ് lk-2019/42040

ഗവ.ഹൈസ്കൂൾ കരിപ്പൂര്






# താളുകളിലൂടെ.......

കഥ,കവിത,ആധി,ഇഷ്ടം,അന്വേഷണം,കൂട്ട്,പ്രണയം,അനുഭവം,യാത്ര,
സ്വപ്നം,വർത്തമാനം,തിരിച്ചറിവ് അങ്ങനങ്ങനങ്ങനെ......






















കവിത

# എന്നെയോർമ്മയുണ്ടോ...

**അഭിനയത്രിപുരേഷ്-10C**

**കാറ്റെ**ന്നോട് ചോദിച്ചു
എന്നെയോർമ്മയുണ്ടോ?
കുറുകുറെ ചിറകടി നാദം തേടും
പ്രഭാതത്തെ കുഞ്ഞു കൈകൾ
ചേർത്ത് നടന്നപ്പോൾ അന്നും
സാക്ഷിയായി ഞാൻ.
കാറ്റ് എന്നോട് ചോദിച്ചു
എന്നെയോർമ്മയുണ്ടോ?
കുസൃതി കാട്ടി വീരത്വം കാട്ടി
അമ്മയോട് കലഹിച്ച് ഒളിച്ച്
നിൽക്കും നേരം നിന്നെ പിടിച്ചു കാട്ടിയ
കള്ളകാറ്റാണ് ഞാൻ .
കാറ്റ് എന്നോട് ചോദിച്ചു എന്നെ
ഓർമ്മയുണ്ടോ?
നീ നിന്റെ കൂട്ടുകാരോട് പിണങ്ങി
ഏകമായി പൊട്ടിക്കരഞ്ഞ
നേരം കണ്ണീർ തുടക്കാൻ ഞാൻ
എത്തിയിരുന്നു.
കാറ്റെന്നോട് ചോദിച്ചു എന്നെ
ഓർമ്മയുണ്ടോ?
ആദ്യത്തെ പ്രേമലേഖനം ആരും
കാണാതെ വായിച്ചപ്പോൾ
നിൻ സഖിയായി ഞാനും നിൻ
കൂടെയുണ്ടായിരുന്നു.
കാറ്റെന്നോട് ചോദിച്ചു
എന്നെയോർമ്മയുണ്ടോ?
കല്ല്യാണ ആശംസയറിയിക്കും
പൂവെറിഞ്ഞതും ഞാനായിരുന്നു.

കാറ്റെന്നോട് ചോദിച്ചു
എന്നെയോർമ്മയുണ്ടോ?
നിൻ മക്കളോട് നീ കിന്നാരം
മൂളുമ്പോൾ അതു കേൾക്കാനും
ഞാൻ വന്നിരുന്നു.

കാറ്റെന്നോട് ചോദിച്ചു
എന്നെയോർമ്മയുണ്ടോ?
പതറാതെ പ്രണയിയുടെ
കൈപിടിച്ച് പാടത്തിരുന്നപ്പോൾ
ഞാനുണ്ടായിരുന്നു.
അവസാനം കല്ലറയിൽ
ആഴ്ലകണ്ണീരിൽ നറുചിരിയോടെ
എന്നെ പറഞ്ഞയ്ക്കാനും നീ
ഉണ്ടായിരുന്നു.റോസാപുഷ്പങ്ങൾ
അകറ്റി എൻ നെഞ്ചിൽ
ചേർന്നമർന്നു.
എവിടെയും നീ എന്റെ രഹസ്യം
കാറ്റെ എനിക്ക് നിന്നെ
ഓർമ്മയുണ്ട്.



കവിത

## പ്രകൃതിയോട്



**വൈഷ്ണവ് എച്ച് ആർ 10C**

**ഹാ!** എത്ര മധുരിതമാം
പ്രകൃതിയിൽ നാം
കളിച്ചുല്ലസിച്ചീടുന്നു..
മലകളും അരുവികളും നമ്മെ
വിളിച്ചീടുന്നു.
നീല നിറമാം ആകാശം അതിനിടയിൽ
വിരിഞ്ഞ സൂര്യന്റെ കിരണങ്ങൾ



പുഷ്പങ്ങളെ ഉണർത്തുന്നു
വെൺ മൃദുലമാം അരുവികൾ
അതിലൂടെ ഒഴുകുന്ന
പുഞ്ചിരിയാം
സൗന്ദര്യം ഞാൻ നുകരുന്നു
നിന്റെ ഈ സൗന്ദര്യത്തിൽ ഞാൻ
അലിഞ്ഞുചേർന്നു നിന്റെ ഈ
സൗന്ദര്യം
മറ്റാരുമെന്തേ അറിയുന്നില്ല.
നിന്റെ ഈ സൗന്ദര്യം
എവിടെയാണ്
അവസാനിക്കുന്നത്.
അല്ല ! എവിടെയാണ്
തുടങ്ങുന്നത്!

## പ്രണയം

എന്നോട്......
മറക്കുവാൻ മടിക്കുന്ന മനസ്സേ..
നിൻ കണ്ണുനീരിൻ വില
അറിയുന്നുവോ..
അറിയാതെ കരയുന്ന മനസ്സേ
മറക്കുമോ
നിന്റെ ഓർമ്മകൾ
ഇല്ല മറക്കില്ലൊരിക്കലും ഞാൻ
എന്റെ പ്രണയത്തെ,
മറക്കുവാൻ
ആഗ്രഹിച്ചതൊക്കെത്തന്നെയും
മറക്കുമോ നീയെന്റെ ഓർമ്മകൾ.

ജീവിച്ചു നിൽക്കുന്നു എൻ
ഹൃദയത്തിൽ.
എന്നെ വിട്ടു പോയീടല്ലേ.

ഒരു വാക്കും മിണ്ടാതെ പോയീടല്ലേ
എന്നെ നീ വിട്ടു പിരിഞ്ഞീടല്ലേ .
അറിയാതെ കരയുന്ന മനസ്സേ .

കവിത

## ദേവത

**മംഗളാംബാൾ ജി എസ്**
**(അധ്യാപിക)**



**കതിരു** പൂക്കണമലയിറമ്പിൽ
പെണ്ണവൾ വന്നേ
കനവുപാറണ കണ്ണിളക്കി
തെല്ലവൾ നിന്നേ
മുളങ്കാടിൻ മുടിയൊതുക്കും
കാറ്റു മൂളുന്നേ
മുളന്തണ്ടിൽ നോവിനീണമ-



തേറ്റു പാടുന്നേ
പകൽക്കീറുമെടഞ്ഞ കായൽ
പായനീർത്തുന്നേ
കളിവഞ്ചിത്താളമോടവ-
ളന്തി ചായുന്നേ
രാക്കിളിച്ചിന്തൂയലാടി-
ച്ചാഞ്ഞുറങ്ങുന്നേ
പേക്കിനാവിൽ കോർത്തു
കണ്ണിൽ-
ച്ചാലുകീറുന്നേ
ചിതയെരിഞ്ഞു വെളുത്ത കാടിൻ
കുരലുകേൾക്കുന്നേ
മതിലിടിഞ്ഞു മരിച്ച മണ്ണോ
നിലവിളിക്കുന്നേ
വഴി മറന്നു മറഞ്ഞ പുഴകൾ
നാവു നീട്ടുന്നേ
കുരുതിമേളത്തോറ്റമായവൾ
കൺതുറക്കുന്നേ
ദുരിതവ്യാളത്തേറ്റയായി-
പ്പെയ്തിറങ്ങുന്നേ
കരളുകുത്തിയൊഴുക്കിയവളു
കുലം മുടിക്കുന്നേ
മലയിടിച്ചു മറിച്ചു പെണ്ണവൾ
വഴിമുടക്കുന്നേ
മുടി പറിച്ചു നിലത്തടിച്ചവൾ
കലിയടക്കുന്നേ
കലിതവാനച്ചെരുവിലങ്ങവൾ
കാത്തുനിൽക്കുന്നേ
കരിഞ്ചായൽക്കെട്ടഴിഞ്ഞവ-
ളാർത്തു നിൽക്കുന്നേ
അകംപൊട്ടിപ്പാഞ്ഞ ചെന്തീ
കണ്ണിലാളുന്നേ
തുടിപ്പാട്ടിൽ ദിഗന്തങ്ങ-
ളുണർന്നീടുന്നേ.

കഥ

## ഇനിയെന്ത്?



**സജ്‌ന ആർ എസ് 10-C**

**ചുറ്റിലും** കാഹളശബ്ദങ്ങൾ



കേട്ടാണ് ഞാൻ ഉണർന്നത്. ഉറക്കം വൈകിയത് കാരണമാകാം ഉണരാനും വൈകിയത്. എല്ലാം പെട്ടെന്നായിരുന്നു. ഒരു സ്വപ്നം പോലെ. ഞങ്ങളൊന്നും അറിഞ്ഞിട്ടില്ല എന്ന മട്ടിൽ പുതിയ വിരുന്നുകാരെ അത്ഭുതത്തോടെ നോക്കുകയാണ് തുമ്പപ്പൂക്കൾ. എന്നാൽ വിദ്യാലയ മുറ്റത്തെ പടർന്ന് പന്തലിച്ച് നിൽക്കുന്ന ഞാവൽമരം സൂര്യന്റെ കിരണങ്ങൾ തട്ടി തീപാറുന്ന കണ്ണുകളുമായി ഞങ്ങളുടെ കുഞ്ഞുങ്ങൾ അറിവിനായി വരാനുള്ള നേരമായി നിങ്ങളാരാ? എന്താ ഇവിടെ കാര്യം? എന്ന മട്ടിലാണ് നിൽപ്പ്! എന്റെ ചിന്ത മണിക്കുറുകളെ വേഗത്തിൽ പിന്നിട്ടു. എന്താണ് പറ്റിയത്? ആ വെള്ളപ്പാച്ചിലിൽ ശ്വാസം കിട്ടാതെ മരണം കാത്തുകിടന്ന എനിക്ക് കറുത്ത കരം നീട്ടി മാലാഖയെപ്പോലെ വന്നയാൾ ആരാണ്? ഇതെന്റെ പുനർജീവിതമാണ്.ആരുടെയോ മനസ്സാക്ഷി കനിഞ്ഞ ജീവിതം. ഞാൻ മാത്രമല്ല, പല വേഷത്തിലും നിറത്തിലും ജാതിയിലും ഉള്ളവർ ഈ വിദ്യാലയത്തിൽ അഭയം തേടിയെത്തി. എനിക്ക് പിന്നാലെ രണ്ട് പേരുണ്ട്. അനിയത്തി ഏഴാം തരത്തിലാണേലും വലിയ സാമർത്ഥ്യക്കാരിയാണ്. അനുജൻ മഹാ പിടിവാശിക്കാരനും . അവൻ നിർത്താതെ കരയുകയാണ്. നേരം പരപരാന്ന് വെളുക്കുമ്പം തന്നെ അവനുണരും. അവന്റെ പ്രഭാതകൃത്യങ്ങൾ കഴിഞ്ഞാൽ പിന്നെ ഒറ്റ പോക്കാണ്. മുറ്റത്തെ ഒരു മാവിൻചോട്ടിൽ. മാവ് എന്ന് പറഞ്ഞാൽ തലയെടുപ്പുള്ള മൂവാണ്ടനൊന്നുമല്ല. ഒരു കുഞ്ഞു കിളിച്ചുണ്ടൻ. ഇതുവരെ കായ് കനികൾ നൽകാത്ത കിളിച്ചുണ്ടൻ. അവനതിനെ വല്യ ഇഷ്ടാ! ഈ മാവിന്റെ മേൽനോട്ടക്കാരനായി അപ്പൂപ്പൻ അവനെ നിയമിച്ചിട്ട് രണ്ടരക്കൊല്ലായി. അന്ന് തുടങ്ങിയ പരിചരണമാണ്. ഇപ്പോഴവന്റെ ആവശ്യം കേട്ടാൽ ചെറുതാ പക്ഷെ ആർക്കും സാധിക്കാൻ കഴിയാത്തതും. ആഹാരം കഴിച്ച അവൻ മുറ്റത്തിറങ്ങുമ്പോൾ കണ്ടത് തലയെടുപ്പോടെ നിൽക്കുന്ന ഞാവലും നാണക്കാരി തുമ്പയും ഒക്കെയാണ്. തന്റെ മാവിനായി

അവൻ പരതി. പിന്നെ മാവിന്റെയടുക്കലെത്താനുള്ള വാശി കരച്ചിലായി. അവനാകെ തളർന്നെന്നു തോന്നുന്നു. ഇനി ഉണർന്നാലെന്തുണ്ടാവുമെന്നറിയില്ല. മയക്കമായി

നാളേക്ക് എന്നും കരുതി മാറ്റിവച്ച എന്റെപഠനപ്രവർത്തനത്തെക്കുറിച്ചോർത്തപ്പോൾ എന്റെയുള്ളിലെ മടിച്ചി എന്നെ നോക്കി പുച്ഛിച്ചിറങ്ങിപ്പോയി... മനസ്സിനെന്താണ് പറ്റിയതെന്നറിയില്ല. പഠിക്കുവാനുള്ള മോഹമാണോ അതോ എല്ലാം നഷ്ടപ്പെട്ടുവെന്ന തോന്നലാണോ, എന്നൊന്നും അറിയാൻ വയ്യ. ആകെക്കൂടിയുണ്ടായിരുന്ന സമ്പാദ്യമെല്ലാം നഷ്ടപ്പെട്ട് അലമുറയിടുന്ന ജനങ്ങളോട് സർക്കാർ ആശ്വാസം പകരുകയാണ്. ഞാനീ സഭയിലൊന്നും പങ്കെടുത്തില്ല. ഒറ്റയ്ക്കൊരു മൂലയിലിരിക്കുന്ന ഒരു ബാലികയുടെ നേർക്കാണ് എന്റെ ദൃഷ്ടി പതിഞ്ഞത്. അവൾ എന്നെ കണ്ടതും പൊട്ടിപ്പോയ പല്ലുകൾ മുഴുവനും വെളിയിൽ കാണിച്ച് ചന്ദ്രപ്രഭയോടെ പുഞ്ചിരിച്ചു. എന്നാൽ ആ പുഞ്ചിരിയെ വിലക്കിക്കൊണ്ട് ആ കുഞ്ഞിളം കണ്ണുകളിൽ അശ്രു ധാരധാരയായി ഒഴുകി. അവൾക്ക് സമ്പത്ത് മാത്രമല്ല, വീട്ടുകാരും കൂട്ടുകാരും നഷ്ടപ്പെട്ട് എന്റെ സ്വബോധ മനസ്സെന്നോട് പറഞ്ഞു. നീ ഭാഗ്യവതിയാ നിന്റെ സമ്പാദ്യം പോയിട്ടില്ല. അച്ഛനും അമ്മയും അനുജത്തിയും അനുജനുമെല്ലാം എനിക്കിപ്പോഴുമുണ്ട്. ആ വിദ്യാലയ വരാന്തയിൽ കൂടി നടക്കുമ്പോൾ കടുത്ത വേദനയും വെള്ളം കെട്ടി നിൽക്കുന്ന ഓർമ്മകളും ചികഞ്ഞ് നടന്നു. മഴയുടെ ശബ്ദവും പ്രകൃതിയുടെ വിളികളും പ്രളയത്തിന്റെ വിജയാഘോഷവും വരാന്തയുടെ തൂണിൽ പ്രതിധ്വനിച്ചതെന്റെ ചെവിയിൽ അലയടിച്ചു. ദൂരത്തൊരു പരിചയമുഖം. ഞാവലിന്റെ തറയിലിരിപ്പാ! പൊടുന്നനെ ഞാനവളെ എന്റെ തലച്ചോറിൽ ചികയാൻ തുടങ്ങി. സമയമായപ്പോൾ കാണാത്ത പുസ്തകം പോലെ, അതെ ബസ് സ്റ്റേഷനിൽ ഓർമ്മ തടഞ്ഞു. ഏകദേശം ഒരാഴ്ചയ്ക്കു മുമ്പ് വൃദ്ധയായ ഒരമ്മൂമ്മ നിലത്തു വീഴാൻ പോയപ്പോൾ സ്വയരക്ഷയ്ക്കായി അവളുടെ കൈയിൽ പിടിച്ചു. വളരെ അറപ്പോടും ദേഷ്യത്തോടും അവരെ നോക്കിയ ആ പെണ്ണ്. പണത്തിന്റെ തിമിർപ്പിൽ കഴിഞ്ഞവൾ, ദാ ഇന്ന് ഒരു ഞാവൽ തറയിൽ വൃദ്ധർക്കൊപ്പം ആഹാരം വാശികാട്ടി തിന്നുന്നു. ഹും! ദൈവത്തിന്റെ ഓരോ കളികൾ.

മീനൂ..മീനൂ.. അമ്മയുടെ പെട്ടെന്നുണ്ടായ വിളി എന്നെ ഓർമ്മയിൽ നിന്നുണർത്തി. അനുജനുണർന്നു. അവനിപ്പോഴുംമാവിനുവേണ്ടിയുള്ളയുദ്ധത്തിലാണ്.അവനറിയില്ലെല്ലോതന്റെപുന്നാരമാവിനെ താനിനി കാണില്ലെന്ന്. ആദ്യമൊക്കെ ക്യാമ്പിലെ ജീവിതം

പുതുമനിറഞ്ഞതായിരുന്നെങ്കിലുംസങ്കട ങ്ങളും, വേദനകളും, ഒറ്റപ്പെടലുകളും എന്നെ തളർത്തി.


ഏതൊക്കെയോജില്ലകളിൽനിന്നുള്ളസഹ ായഹസ്തങ്ങൾവലിയലോറികളിലെത്തി. പാഴ്സൽ ചെയ്ത ആഹാരങ്ങളും വസ്ത്രങ്ങളും എത്തി. അതിനിടയിൽ അവനവനു പാകമായ വസ്ത്രങ്ങൾ തിരയുകയാണൊരുത്തൻ.അപ്പോഴും അനുജൻ തന്റെ മാവിനു പുറകിലാണ്.

എല്ലാം നഷ്ടപ്പെട്ടു! വീടും, ഊഞ്ഞാലും ഒക്കെ. പുസ്തക കെട്ടുകളും എത്തി. ഞാനൊരു നോട്ട് ബുക്കെടുത്തു. അതിനകത്ത് ഒരു കുറിപ്പുണ്ടായിരുന്നു. തിരുവനന്തപുരത്തിലെ കരുപ്പൂര് സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ കുറിപ്പ്. ആശ്വാസവാക്കുകളായിരുന്നു അത്. ആ കുറിപ്പെന്റെ മനസ്സിനെ സാന്ത്വനിപ്പിച്ചു. പ്രളയം കേരളത്തിന് പുതിയ പാഠങ്ങൾ പകർന്നു. ഒത്തൊരുമയും, തുല്യതയും സാഹോദര്യവും സ്നേഹവും ഒത്തുചേർന്നാലുള്ള ശക്തി!

പുനർജീവിതത്തിലേക്ക് വെളിച്ചം പകർന്ന് ആശ്വസിപ്പിച്ച് സൂര്യൻ തിളങ്ങി.

അതിനിടയിലൊരു കാഹളശബ്ദം വീണ്ടുമെത്തി! അതേ മഴ! ആരോ ഒരു വശത്തുനിന്നും ആരോപണങ്ങളും പ്രാക്കുകളും മഴയ്ക്ക് നൽകി. അവൻ കരയുകയാണ് മാവിനായി. ഇന്നലെകൾക്കായി.

ആ കറുത്ത മരങ്ങൾക്കായി ഞാനും തിരച്ചിൽ തുടങ്ങി. മത്സ്യമണമുള്ള കറുത്ത കരങ്ങൾ....



ലേഖനം

## വിശ്വാസതട്ടിപ്പുകൾ



**അഭിനയത്രിപുരേഷ്**
**10C**

**നമ്മുടെ**
ചോദ്യത്തിനുത്തരം

നമ്മുടെചുറ്റുമുള്ളഓരോവസ്തുതക ളിലുമുണ്ട്.എല്ലാത്തിനെയും നമ്മൾ പുതിയ തലമുറക്കാർ



ശ്രദ്ധയോടെ വീക്ഷിക്കേണ്ടതുണ്ട്.കാരണം ഇത്തരത്തിലുള്ള വിശ്വാസതട്ടിപ്പുകൾ തടയാൻ ശാസ്ത്രം പഠിക്കുന്നവർക്കെ കഴിയു.ഞാൻ എങ്ങനെയാകണം എന്റെ രീതികൾ ,എന്റെ ചിന്തകൾ........ എല്ലാം തന്നെ ശാസ്ത്രീയടിസ്ഥാനത്തിൽ വിലയിരിത്തുന്നതാണ് യഥാർത്ഥ വിദ്യാർത്ഥി .വിശ്വാസങ്ങൾ .......! അമ്മക്കോ, അച്ഛനോ സ്വന്തം കരുത്തിനോ കൊടുക്കാത്ത വിശ്വാസങ്ങളാണ് നമ്മൾ ദൈവങ്ങൾക്ക് അർപ്പിക്കുന്നത്.മാധ്യമങ്ങൾ അതിനെ വിശാലമായി അവതരിപ്പിക്കുന്നു ഇരുട്ട് ബാധിച്ച വിശ്വാസസമൂഹം അതിനോട് വീണ്ടും വീണ്ടും യോജിച്ച്നിൽക്കുന്നു.ദൈവങ്ങളുടെ പേരിൽ അടിയുണ്ടാക്കാനും അതിന്റെകാപട്യംനിറഞ്ഞഭക്തിപുറത്ത്ക ാട്ടാനുംമാത്രമായിചിലരുണ്ട്.എല്ലാമതങ്ങ ളിലുമുണ്ട്.പരീക്ഷാചചോദ്യത്തിലെഒരുക ഥാപാത്രത്തിന് മുഹമ്മദ് എന്ന് പേരിട്ടു.എന്ന പേരിൽ ഒരു അധ്യാപകന്റെ കൈവെട്ടിയത് ,അമ്പലത്തിൽ പോകുന്ന സ്ത്രീകൾക്ക് നേരേയുള്ള വിമർശനംഉന്നയിച്ചുഎന്നുള്ളതിനാൽപു സ്തകംറദ്ദാനുള്ളപ്രകടനങ്ങളുംനമ്മൾകണ്ട താണ്.സാഹിത്യത്തിനുനേരേ അറിയിക്കാൻ സത്യംഎഴുതാൻഎഴുത്തുക്കാർവിഷമിക്കു ന്നതുംഇത്തരത്തിലുള്ളസംഭങ്ങളെ തുടർന്നാണ്.ഒന്നോർക്കണംസാഹിത്യത്ത ിന്മതം,ജാതി,ഒന്നുമില്ലാ.എഴുത്തുകാര ന്റെ വികാരംമാത്രമാണ്സാഹിത്യം.എല്ലാ വർക്കുംതന്റെതായയുക്തിപരമായ കാര്യങ്ങളുണ്ട് അതൊരിക്കിലും മറ്റുള്ളവർക്ക് സ്വീകാര്യമാകണമെന്നില്ല.എന്നാ ൽ വിശ്വാസം പണ്ട് തൊട്ടെ ശീലിച്ച ഒരു ദിനചര്യ എന്ന രീതിയിൽ വന്നുകൊണ്ടിരിക്കുകയാണ് വിദ്യാഭ്യാസം ലഭിച്ചവർ പോലും ഇതിനെ മുറുകെപിടിക്കുന്നവരാണ് വിശ്വാസങ്ങൾയഥാർത്ഥ്യത്തെ മറച്ചുവയ്ക്കുന്നതിൽസമർത്ഥമാണെ ന്ന്ഇതിൽനിന്ന്മനസ്സിലാക്കാം. എല്ലാംശാസ്ത്രമാണ്അത്തരത്തിലേ ക്ക് നാംചിന്തിക്കണംസൂര്യഗ്രഹണം ചന്ദ്രഗഹണമോ ഒന്നും രാഹു വിഴുങ്ങന്നതോ ഒന്നും അല്ലായെന്ന് ശാസ്ത്രംതെളിയിക്കും.അന്ധവിശ്വാ സത്തിന്റെ ചരടുവലിക്കുന്നവരേയും അതിനെ തുടർന്ന് മരണപ്പെട്ടവരേയും നോക്കിയാൽ കാണാം. മാതൃത്വത്തെ പിതൃത്വത്തെ മറ്റും ഇല്ലാതാക്കുന്നതാണ് വിശ്വാസം "നിങ്ങളുടെ കുഞ്ഞിനെ ബലിയർ പ്പിച്ചാൽ കുടുംബത്തിൽ സമ്പത്തുണ്ടാകും"ചിലരുടെ പ്രവചനങ്ങൾവിശ്വസിച്ചുകൊണ്ടു ള്ള ചാടിത്തുള്ളൽ . ഇവിടെ സ്നേഹത്തെയാണ് ചോദ്യം ചെയ്യുന്നത്.ദൈവങ്ങളോ

അവരുടെ രൂപമോ ചേർന്നതല്ല ലോകം. മനുഷ്യർ ചേർന്നതാണ് .അവിടെ ദൈവങ്ങളേക്കാൾ ശക്തി മാനവികമൂല്യങ്ങൾക്കാണ് . ദാഹിക്കുന്ന ഒരാൾക്ക് വെള്ളം കൊടുക്കുന്നതിലോ ഭക്ഷണം കൊടുക്കുന്നതിലോ ആണ് മനുഷ്യൻ ദൈവത്തെ വരുത്തേണ്ടത് അല്ലാതെ കല്ലിൽ പാലൊഴിച്ച് കൊണ്ടൊ കാളിക്ക് പൂജനടത്തിക്കൊണ്ടോ അല്ലാ.നാം അറിയിക്കാതെ പോകുന്ന ഓരോ സത്യവും പിന്നെ ആരും അറിയാതെ പോകും. കുഞ്ഞിലെ അമ്മപറയും മോനെ ഇതാണ് ദൈവം ദൈവത്തിൽ വിശ്വസിക്കു നീ ആഗ്രഹിച്ചത് നടക്കും ഇത് കേൾക്കുന്ന മകൻ ഇത് വിശ്വസിക്കുകയും ചെയ്യും .അപ്പോ ജ്യോതിഷൻ പറയും നിനക്ക് സമ്പത്ത് കാണുന്നുണ്ട്.പക്ഷേ നിന്റെ അമ്മയെ നീ ഉപേക്ഷിക്കണം അവർനിന്റെരാശിയിൽയോജിക്കുന്നയാള ല്ല.ഇവിടെയാണ് നമ്മൾ തിരിച്ചറിയാതെ പോകുന്ന കാപട്യം.വിശ്വാസമാകാം പക്ഷേ അമിതമായ വിശ്വാസങ്ങൾ നല്ലതല്ല.ആത്മീയബോധംവർദ്ധിപ്പിക്കാൻ അന്ധവിശ്വാസത്തിനെ കൂട്ടാതിരിക്കു. യേശുവിനെ ഒരു യഥാർത്ഥമനുഷ്യനായികണ്ടു നോക്കു .യേശുതികച്ചുംമനുഷ്യത്വപരമായ ിപെരുമാറിയിരുന്നു എന്നാൽ ഇപ്പോൾ അദ്ദേഹത്തിന്റെ പാത തുടരുന്ന വെള്ളക്കുപ്പായം ധരിച്ച പള്ളീലച്ചൻമാരോ? ഫ്രാങ്കോയെ പോലുള്ളവരെ നമുക്കറിയാം ഇങ്ങനെ ഉള്ളവരെ രക്ഷിക്കുന്ന മതങ്ങളും.നാം മനസ്സിലാക്കേണ്ടത് നാം ഒന്നാണെന്നാണ്.ഒരുതരത്തിലുംമ നുഷ്യരെവേറിട്ട്കാണരുത്..സയൻ സ് കാണാതെ പഠിച്ചിട്ട്അന്ധവിശ്വാസങ്ങളില്അ ലഞ്ഞ്തിരിയുന്നവരാകാതെഇരി ക്കുക.ദൈവംമനസ്സിലാണ്, ചിന്തയില് ശാസ്ത്രംവേണം.കേരളത്തിൽ നിന്നുംഅനാചാരങ്ങളെ ഇനിയുംതുരത്തേണ്ടതുണ്ട്.അത്ഒ രുമയോടെയാകാം.

യാത്ര



**മഴ നടത്തം**

**വൈഷ്ണവ് എച്ച് ആർ 10C**

ഞാൻ വൈഷ്ണവ് . ഇന്ന്




നിങ്ങളോട്പങ്ക് വയ്ക്കുന്നത് മഴനടത്തത്തെക്കുറിച്ചാണ്.ഞാൻ ആദ്യമായാണ്ഒരുമഴനടത്തത്തിൽ പങ്കെടുക്കുന്നത്.ആദ്യമൊക്കെ തോന്നി തിരിച്ച് പോന്നാൽ മതിയായിരുന്നു എന്ന് .കാരണം ഞങ്ങൾ പോയ ബസ്സ് കുട്ടികൾ ഞെരുങ്ങിയായിരുന്നുഇരുന്നത്.പ ക്ഷെ പേപ്പാറ എത്തിയപ്പോൾ

ഇതിൽ നിന്ന് മോചനം കിട്ടി.ഞാൻ വിചാരിച്ചത് നമ്മുടെ സ്കൂളിൽ നിന്ന് മാത്രമാണ് കുട്ടികൾ പോകുന്നതെന്ന് . പക്ഷെ വിവിധ സ്കൂളുകളിൽ നിന്ന് കുട്ടികൾ പങ്കെടുത്തിട്ടുണ്ട്. ഞാൻ പേപ്പാറയിൽ ഒരുകാട്ടിലൂടെയായിരുന്നു സഞ്ചരിച്ചത്. ഞങ്ങളെ ഊ കാട്ടിലൂടെ പോകാൻ സഹായിച്ചത് കാട്ടിലെ മൂപ്പനാണ് . ഇനി ഞാൻ കണ്ട കാഴ്ചകളെക്കുറിച്ച് പറഞ്ഞ് തുടങ്ങുകയാണ്. ബസ്സിൽ നിന്ന് പുറത്തേക്ക് ഇറങ്ങുമ്പോൾ ആദ്യം കണ്ടത് മനോഹരമായ ഡാമുകളാണ്. കുടെയുണ്ടായിരുന്ന മറ്റുസ്കൂളിലെകുട്ടികൾഎത്തിയപ്പോൾ ഞങ്ങൾ ഒരിടത്ത് കൂടി.കാടിനെ പറ്റിയറിയാൻവേണ്ടികാട്ടുമൂപ്പന്റെനിർദേശ പ്രകാരമായിരുന്നുഞങ്ങുടെഓരോനീക്കവു ം.കാടിനകത്ത് വിവിധതരത്തിലുള്ളമരങ്ങളുംചെടിക്കളും ഉണ്ടായിരുന്നു.അവിടെ പ്ലാസറ്റിക്ക് ഉപയോഗിച്ചു കൂടാത്തതുകൊണ്ട് ഞങ്ങൾ ഉപയോഗിച്ചില്ല .പക്ഷേ അവിടെ ചില സ്ഥലങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ചെറിയ കുപ്പിയും കവറുകളും ഉണ്ടായിരുന്നു അതു ഞങ്ങളുടെ കുട്ടുകാരനായ ജയദേവാണ് പെറുക്കിവെച്ചത് . പിന്നെ കാട്ടിൽ ഒരു ക്ഷേത്രമുണ്ടായിരുന്നു ആ സ്ഥലത്തിന്റെ പേര് നെല്ലിക്ക പാറ എന്നായിരുന്നു . മൂപ്പൻ പറഞ്ഞ ഒരു കാര്യം മാത്രം ഞങ്ങൾക്ക്കാണാൻകഴിഞ്ഞില്ല.കാട്ടാനകളെ. ഞാൻ നടന്ന് പോകുമ്പോൾ എന്റെ ഇടതു വശത്ത് കൂടിനോക്കുമ്പോൾ കാണാൻ കഴിയുന്നത് നല്ല വിശാലമായി കീടക്കുന്ന ഒരു കുന്നാണ് .ആ കുന്നിന്റെ മുകൾ തട്ട് മേഘങ്ങൾ കൊണ്ട് മറഞ്ഞ് നിൽക്കുന്നു.താഴ് ഭാഗം മുഴുവൻ പച്ചപരവതാനി വിരിച്ചത് പോലെ അതിന്റെയും താഴെ നിറയെ മരങ്ങൾ.അത് പറഞ്ഞ് അറിയേണ്ടതല്ല.അത് കണ്ട് തന്നെ അനുഭവിക്കണം.ഇതെല്ലാം കഴിഞ്ഞ് ഞങ്ങൾ പിരിയുന്നത് ഒരു വലിയ ഹാളിൽ വച്ചാണ്.അവിടെ



ചെന്നപ്പോൾ ഒരു കുട്ടി പാട്ട് പാടുന്നത് കണ്ടു അത് കേട്ട് ഞങ്ങൾ എല്ലാവരും നന്നായി ആ സ്വദിച്ചു. ആ ഹാളിൽ മൂപ്പനും മൂപ്പന്റെ അമ്മയും



എത്തിയിട്ടുണ്ടായിരുന്നു. അവരോട് ഞങ്ങൾ കുറച്ച് ചോദ്യങ്ങൾ ചോദിച്ചു. ആദ്യം ചോദിച്ചത് ആ അമ്മയുടെ മുടി ഇതുവരെ നരക്കാത്തതിന്റെ രഹസ്യമാണ്.അപ്പോൾ ആ അമ്മ പറഞ്ഞത് അവർ സ്വന്തമായി വെളിച്ചെണ്ണഉണ്ടാക്കിതേയ്ക്കുന്നതുകൊണ്ടാണെന്നാണ്.പിന്നെ അവരുടെ മറ്റൊരു ആവശ്യം അവർക്ക് എന്തെങ്കിലും അസുഖം വന്നാൽ ആശുപത്രിയിൽ എത്തിക്കാൻ വലിയ ബുദ്ധിമുട്ടാണ് അത് കൊണ്ട് അവർ ആവശ്യപ്പെടുന്നത് ഒരു വാഹനമാണ്. ഇതെല്ലാം പറഞ്ഞ് കഴിഞ്ഞ് ഞങ്ങൾ എല്ലാവരും ഭക്ഷണം കഴിച്ച് ഒരു ചെറിയ അരുവിയെന്ന് തോന്നിക്കുന്നതു പോലെയുള്ള ഒരു തോട്.അതിൽ കാൽ കഴുകി ഞങ്ങൾ മടങ്ങി. ഞങ്ങൾക്ക് എല്ലാവർക്കും ബസ്സിൽ കയറാൻ മടിയായിരുന്നു കാരണം കുറച്ച് സമയം കൂടിഅവിടെചെലവഴിക്കാൻനമുക്ക്തോന്നിപോകും അത്രയുംമനോഹരമാണ്.ബസ്സ് തിരിച്ച് കുറച്ച് നേരംകഴിഞ്ഞപോൾ വീണ്ടും നമുക്ക്ആവലിയകുന്നുകൾ കാണാൻകഴിയുമായിരുന്നു.മനോഹരമായ കുന്നുകൾ !



യാത്ര



## പച്ചപ്പിലേക്ക് ...ഒരു നടത്തം

**ഗോകുൽ എസ് 10A**

**'മഴനടത്തം'** എന്ന പ്രകൃതി പഠനയാത്ര എന്റെ മനസ്സിൽ എന്നമെന്നും തുടിക്കുന്ന ഒരു യാത്രയായി. കാരണം പ്രകൃതി എന്താണെന്നും എന്തിനുള്ളതാണെന്നും ഞാൻ മനസ്സിലാക്കി. പ്രകൃതിയുടെ പ്രാധാന്യം അധ്യാപകരിൽ നിന്നുപരി മഴനടത്തിലൂടെ ഞാൻ



നേരിട്ടു ആഴത്തിൽ അറിഞ്ഞു. അതുപോലെത്തന്നെ പ്രകൃതിയുടെ കാവൽഭടന്മാരായ .....വനജനങ്ങളെ മനസ്സിലാക്കാനും കഴിഞ്ഞു. പേപ്പാറയിൽ നിന്നും പൊടിയക്കാലവരെയായിരുന്നു ഞങ്ങളുടെ യാത്ര.സ്കൂളിൽ നിന്നും ബസിലാണ് ഞങ്ങൾ പേപ്പാറയിലെത്തിയത്.അവിടെ

ബാലചന്ദ്രൻ സാറും ഇരിഞ്ചയം ലൈബ്രറിയുടെ പ്രവർത്തകരും ഊരു മൂപ്പൻ ശ്രീകുമാറും സംസാരിച്ചു. പ്രകൃതി മനുഷ്യന്റെ പാതി ജീവനാണെന്ന് അവരിലൂടെ ഞാൻ അറിഞ്ഞു. ഓർമ്മയിൽ സൂക്ഷിക്കാൻ പ്രാധാനപ്പെട്ട ഒരു കാഴ്ചയായിരുന്നു നെല്ലിക്കാംപാറയിലെ ഒരു ചെറിയ കാവ്. ആ കാഴ്ച എന്നെ പ്രാചീനകാലത്തേക്ക് കൊണ്ടുപോയി. വനത്തിലെ ഏകമായി നിൽക്കുന്ന പാറയിൽ പരന്ന പാറകൾ കൊണ്ട് അണിഞ്ഞൊരുക്കിയ കാവ്. തൊട്ടടുത്ത് തുളസിക്കതിര്. ചുറ്റും മൂകമായിരിക്കുന്നു.പക്ഷിലതാതികളുടെ സംഗീതക്കച്ചേരി. കാറ്റിന്റെ കുളിർമ വെയിലിന്റെ തീവ്രത മറന്നുപോകുന്നു. എന്നെ അത് സമാധാനത്തിന്റേയും ശാന്തതയുടേയും ലോകത്തേക്ക് കൊണ്ട്പോയി. ഞാൻ കൂട്ടുകാരുടെചലപിലശബ്ദത്താലാണ് ഉണർന്നത്.അതിനു ശേഷം പൊടിയക്കാലയിലെ മൂപ്പനായ ശ്രീകുമാർ മൂപ്പൻ അവരുടെ ആചാരത്തിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. ഈ കാവിലെ പ്രതിഷ്ഠ ആയമുത്തനും, നാണുമുത്തനും ആണെന്നും അവർക്ക് ഓരോ മലയ്ക്കും ഓരോ ദൈവമുണ്ടന്നും പറഞ്ഞു.കൂടാതെ ഇവിടെ ഉപയോഗിക്കുന്ന ഭസ്മം ഒരു ഊരുവാസിയുടെ മുറ്റത്തു വിറകരിച്ച് അതിന്റെ ചാരം ഭസ്മമായി എടുക്കുന്നു. ഇത് ഊരുവാസികളിൽ പനിവന്നാൽ കാവിൽനിന്ന് ഭസ്മം പൂജിച്ച് ഉഴിഞ്ഞ് തലയിലിടുന്നു. ആഴ്ചയിൽ ഒരു ദിവസം കുറഞ്ഞ ചെലവിൽ അവരുടെ വിഭാഗം ഇവിടെ പൂജനടത്തും എന്നു ഊരുമൂപ്പൻ പറഞ്ഞു.



അപ്പോഴും ഞങ്ങളുടെ മനസ്സ് പ്രകൃതിയിൽ തന്നെയായിരുന്നു. ഊരുമൂപ്പന്റെ അമ്മ പരപ്പി അവിടെ ഉണ്ടായിരുന്നു.അവർ ഒരു വൈദ്യത്തിയാണെന്ന് ഞങ്ങൾ അപ്പോഴാണ് അറിഞ്ഞത്. 1980-ൽ ഇവിടെ എത്തിയ പരപ്പ് ഇപ്പോഴും കാടിന്റെ സ്നേഹമറിയുന്നു. പക്ഷെ അതിനുമുമ്പ് ഇവർ ഇവിടെയല്ലായിരുന്നു. ഡാം കെട്ടിയ സ്ഥലത്തായിരുന്നു. ഡാം കെട്ടുന്നതിനു വേണ്ടിഇവരടങ്ങുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയായിരുന്നു.ഇവർക്ക് 5 ഏക്കർ സ്ഥലവും ജോലിയും കറണ്ടും നൽകുമെന്ന് വാഗ്ദാനം നൽകി ഒഴിപ്പിച്ചു. എന്നാൽ ഇവർക്ക് കറണ്ട് ലഭ്യമായിരുന്നില്ല. എന്നാൽ ഇവർ സമരം ചെയ്താണ് വർഷങ്ങൾക്കു ശേഷം കറണ്ട്

ലഭിച്ചത്. . മഴനടത്തം കാട്ടിലൂടെ ഞങ്ങൾ നടന്നു. ഊരുമൂപ്പൻ മഴനടത്തത്തിനുമുമ്പ് ഒരു കാര്യം സൂചിപ്പിച്ചു. പുതിയ ഒറ്റയാൻ ഇറങ്ങിയെന്ന് അതെന്റെ മനസ്സിലൊരു മിടിപ്പുണ്ടാക്കി. എന്നാൽ ഊരുമൂപ്പൻ കരുതലിനുണ്ട്.കൂടാതെവനമാതാവുംകൂടെയുള്ളതുകൊണ്ട് ഞാൻ അത്കാര്യമാക്കാതെപ്രകൃതിസൗന്ദര്യം ആസ്വദിച്ചു നടന്നു.കാടിന്റെ ഉള്ളറയിൽ ഞങ്ങൾ എത്തി.

അതായത്ഊര്മൂപ്പന്റെസ്ഥലമായപൊടിയക്കാലയി.അഗസ്ത്യമലയുടെ അടിവാരത്ത് വസിക്കുന്ന ഇവർ പ്രകൃതിയുടെ സംരക്ഷണത്താൽ ജീവിക്കുന്നു. പ്രകൃതിക്കു വിരുദ്ധമായ ഒരു പ്രവൃത്തിയും ഇവർ ചെയ്യുകയില്ല. മുൻകാല ശൈലിയിലെ ചില ശേഷിപ്പുകൾ അവർ ഇപ്പോഴും സൂക്ഷിക്കുന്നുണ്ടായിരുന്നു. ഇത് അവരോട് കൂടുതൽ അടുക്കാനും സഹകരിക്കാനും എനിക്ക് തോന്നി.



ഊരിലെ സാമൂഹ്യപഠനകേന്ദ്രത്തിൽ ഞങ്ങളെല്ലാംഎത്തിച്ചേർന്നപ്പോ അവിടെ നിന്ന് ഒരു കുരുന്നിന്റെ നാടൻപാട്ട് കേൾക്കുകയുണ്ടായി. ഇവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസം ഏറെക്കാലത്തിനുമുമ്പ് ദയനീയ അവസ്ഥയിലായിരുന്നു. കിലോമീറ്ററുകൾ നടന്നെത്തിയാണ് കുട്ടികൾ സ്കൂളിൽ എത്തിയത്.ഇതിലെ ഒരു കൊച്ചുമിടുക്കൻ തന്റെ ബന്ധുവിന്റെ സ്ഥലമായ പന്നിക്കുഴിയിലെ മീനാങ്കലിൽ ചെന്നാണ് പത്രം വായിച്ചിരുന്നത്. ഇതൊക്കെ കേട്ടപ്പോൾ പ്രകൃതിയുടെ ചൂഷണത്തോടൊപ്പം ആദിവാസി ചൂഷണവും ഞാൻ മനസ്സിലാക്കി. മൂപ്പന്റെ അമ്മയായ പരപ്പ് പതിനഞ്ച് മക്കളെ പ്രസവിച്ച അമ്മയാണ്. പ്രസവകാലത്തെ ഇവരുടെ പോഷക ആഹാരം തേങ്ങ, മഞ്ഞൾ, കാന്താരിമുളക് അരകല്ലിൽ അരച്ചതായിരുന്നു. പരപ്പിന്റെ കാലത്ത് ദാരിദ്ര്യവും പട്ടിണിയും രൂക്ഷമായിരുന്നു. ഇവരുടെ പരമ്പരാഗത വിനോദമാണ് വേട്ടയാടൽ. പെരുച്ചാഴി, എലി, മരയണ്ണാൻ എന്നിവയെയാണ് അവരുടെ ഇരകൾ. അതിനുശേഷം ഞങ്ങൾ അവരുടെ ഊര് ചുറ്റിക്കാണാൻ ഇടയായി. അവിടെ ആകെ എൺപതിൽപരം ഭവനങ്ങൾ ഉള്ളതായി ഞങ്ങളറിഞ്ഞു. വീടുകൾ സന്ദർശിക്കാൻ സാധിച്ചില്ലെങ്കിലും അവിടത്തെ പ്രകൃതിഭംഗി ആസ്വദിക്കാൻ എനിക്കു സാധിച്ചു. എന്നാൽ അവിടുത്തെ

പേടിസ്വപ്നമായിരുന്നകൊലക്കൊല്ലി എന്ന ഒറ്റയാൻ പല ഊരിലെ കുടിലുകൾ നശിപ്പിച്ചിരുന്നു.എന്നാൽ നെല്ലിക്കാംപാറയിൽ ഇതിനെ തളക്കുകയുണ്ടായിഎന്നുംഅവരി ലൂടെ ഞാൻ അറിഞ്ഞു. മഴനടത്തം പ്രകൃതിയുടെ കുഞ്ഞുകുഞ്ഞു പ്രത്യേകതകൾ മനസ്സിലാക്കാനുള്ളതാണെന്ന് ഞാൻ ശരിക്കും അറിഞ്ഞു. ഈ യാത്രയൊരുക്കിയ ഇരിഞ്ചയം യുണൈറ്റഡ്ലൈബ്രറിക്ക് ഞങ്ങളുടെ സ്നേഹം.

ലേഖനം



## വിശ്വാസ തട്ടിപ്പുകൾ പിടിമുറുക്കുന്ന കേരളം

**അസ്ഹ നസ്രീൻ10 സി**

നാം ഇന്ന് അനുഭവിക്കുന്ന വിപത്തുകളിൽ ഒന്നാണ് അന്ധവിശ്വാസം. അന്ധവിശ്വാസം എന്ന്




പറഞ്ഞാൽ... നമ്മുടെ മനസിൽ ആദ്യം എത്തുന്നത്, മരത്തിൽ ആരോ തറച്ച ഒരു ആണി, അത് വലിച്ചൂരിയാൽ പ്രേതം കൂടെവരുമെന്ന്... ഒരു കണക്കിൽ പറഞ്ഞാൽ അത് അന്ധവിശ്വാസമാണ്. പക്ഷെ ഇന്ന് നാം നവമാധ്യമങ്ങളിലൂടെ കാണുന്നുണ്ട്. നമുക്കും ചില അനുഭവങ്ങള്ഉണ്ടായേക്കാം.കേരള ത്തില്അന്ധവിശ്വാസമൊന്നും ഇല്ലെന്ന് നമ്മൾ പറയും. പക്ഷെ ഇപ്പോൾ എന്താണ് അവസ്ഥ? എല്ലാ കാര്യത്തിലും മുൻ പന്തിയിൽ എത്തുന്ന നമ്മൾ കേരളീയര്ഇതിലുംമുന്നേറിക്കൊ ണ്ടിരിക്കുകയാണ്.. നാംപത്രങ്ങളില് കാണുന്നതാണ്,ബാധഒഴിപ്പിക്കാ നെന്ന വ്യാജേന വീട്ടിൽ കയറിക്കൂടിസാധനങ്ങള്മോഷ്ടി ക്കുകയും കുട്ടികളെ ഉപദ്രവിക്കുകയും ചെയ്യുന്നത്. മാതാപിതാക്കളും ഇതിനു

കൂട്ടുനിൽക്കുകയാണ്. നിധി എടുത്തു കൊടുക്കാമെന്ന് പറഞ്ഞ് പണം വാങ്ങുന്നു. ആർത്തവ സമയത്ത് പെൺ ക്കുട്ടിയെ വീട്ടിൽ കയറ്റാതെ വീട്ടിനോട് ചേർന്ന് ഒരു ഷെഡ് കെട്ടി അവിടെ താമസിപ്പിച്ചു . മഴയും കാറ്റും വന്നപ്പോൾ ആ പെൺകുട്ടി കരഞ്ഞുപറഞ്ഞു, എന്നെ വീട്ടിൽ കയറ്റണമെന്നും ഇപ്പോൾ ഈ ഷെഡ് പൊളിഞ്ഞു വീഴുമെന്നും. എന്നാൽ പിതാക്കൾ അന്ധവിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ടിരുന്നു. എന്നിട്ടോ, തെങ്ങ് മുറിഞ്ഞ് വീണ് ആ ഷെഡ് തകർന്ന് തൽസമയം ആ കുഞ്ഞ് മരിച്ചു.. അന്ധവിശ്വാസത്തിന്റെ കരങ്ങളിൽ അകപ്പെട്ട ആ മാതാപിതാക്കൾക്ക് നഷ്ടപ്പെട്ടതോ, സ്വന്തം മകളെ! ഇതു മാത്രമല്ല, ഇന്ത്യയിലെ നാനാഭാഗങ്ങളിൽ ഇപ്പോഴും നടക്കുന്നുണ്ടാവും പണത്തിനു വേണ്ടിയും സൗഭാഗ്യങ്ങൾക്കുവേണ്ടിയും ബലി കൊടുക്കുന്നത്, കാളയേയും പോത്തിനേയുമൊന്നുമല്ല,പിഞ്ചുകുഞ്ഞു ങ്ങളെ....! ഇന്നു നമ്മൾ കാണുന്ന ഒരു കാഴ്ചയാണ് പരീക്ഷാ സമയങ്ങളിൽ കുട്ടികളുടെ കൈയിലും കഴുത്തിലും ഇടുപ്പിലും തോളിലും ചരടുകൾ കെട്ടുന്നു...

അങ്ങനെയങ്ങനെ...ഇതുകൊണ്ട് എന്താണ്ഉപയോഗം... എന്തോ മന്ത്രിച്ച് കെട്ടുന്ന വെറുമൊരു നൂലിന് ഒരു പട്ടംപറത്താനുംമുത്തുകൊരുക്കാനു മല്ലാതെ എന്ത് ഉപയോഗം. ദൈവവിശ്വാസം നല്ലതാണ്. പക്ഷെ അന്ധവിശ്വാസമായാൽ! ദൈവത്തോടുള്ളഭക്തി,ബഹുമാന ം, ആദരവ് എല്ലാം നല്ലതാണ്. . അന്ധവിശ്വാസങ്ങൾ ഇപ്പോഴും പണ്ടും ഒരേപോലായിരുന്നു. അമ്മൂമ്മമാർ പറയും കണ്ണ് തട്ടാതിരിക്കാൻ, അല്ലെങ്കിൽ കണ്ണേറുതട്ടിയാൽ കുറച്ച് വറ്റൽ മുളകും ഉപ്പും കുരുമുളകും എല്ലാം എടുത്ത് ഉഴിഞ്ഞ് അടുപ്പിലോട്ടിടും. എന്തിനാണിത്..

ഇതിന്റെയൊന്നും ഒരാവിശ്യവും ഇല്ല. ഇതിനുദാഹരണംരചനകളിലുമുണ്ട്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ' എന്ന കിടിലൻ നോവലിലെ ഒരു ഭാഗത്ത് കുഞ്ഞിപ്പാത്തുമ്മാക്കും ഇതുപോലെ ബാധ ഒഴിപ്പിക്കുന്നുണ്ട് .ഈ ഭാഗം കിനാവുകളുടെ കാലം എന്ന പേരിൽ മുൻവർഷങ്ങളിലെ 8-ാം ക്ലാസിലെ പാഠപുസ്തകത്തിൽഉണ്ടായിരുന്നു. കുഞ്ഞുപ്പാത്തുമ്മാക്ക് കരളില് വേദന എന്ന് പറയുന്നുണ്ട്. എന്താണ് കാര്യം എന്ന് പറയുന്നില്ല.അതിനെ, അവൾക്ക് ബാധ കൂടിയതാണെന്ന് പറഞ്ഞ് മുസിലിയാരെ വിളിച്ചോണ്ട് വരുന്നു. അയാൾ ഇവളെ അടിക്കുകയും ഒക്കെ ചെയ്യുന്നു.ഇതുപോലെത്തന്നെ കെ.പി മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ് എന്ന നോവലിലും ഇത് പറയുന്നുണ്ട്. ഒരു കൂണിന്റെ അടുത്ത് പോയി അത് പറിച്ചു എന്ന്പറഞ്ഞ്ഒരുമനുഷ്യനെഭ്രാന്താനാക്കിയ കഥ. അയാൾ മാനസികമായി മന്ദമായഅവസ്ഥയിലാണ്.അതിനെ ബാധ കൂടിയതാണെന്ന് പറഞ്ഞ് ഒരു മുറിയിൽ അടച്ചിട്ട്, കഴിക്കാൻ കൊടുക്കുന്നതോ പൊട്ടിയ അലുമിനിയം പാത്രങ്ങളിൽ. അവസാനം, കറി തള്ളിയിട്ടെന്നും പറഞ്ഞ് മൂത്താപ്പ അയാളെ ചവിട്ടി- അയാൾ മരിക്കുകയാണ്.മനുഷ്യന്റെ ഇതുപോലത്തെ പ്രശ്നങ്ങൾക്ക് കാരണം അജ്ഞതയാണോ അതോ അറിവില്ലായ്മ നടിക്കുകയാണോ എന്നറിയില്ല. പക്ഷെ ഇത് തെറ്റാണ്. ഇനിയും മാറാം. അന്ധവിശ്വാസങ്ങൾക്കെതിരേ പോരാടാം. ഒരുമിച്ച് നില്ക്കാം. കൈകോർക്കാം. ഇത് മാറ്റത്തിന്റെസമയമാണ്.അന്ധവിശ്വാസങ്ങളില്ലാത്തലോകംഎന്ത്മനോഹരമാണ്!!!!



വർത്തമാനം



# എഴുത്തുകാരനൊപ്പം....

നയനസെൻ 8C

ഞാനും എന്റെ കുറച്ച് കൂട്ടുകാരും അധ്യാപകരുമായി കഥാകൃത്ത് പി.കെ സുധിസാറിന്റെ വീട്ടിൽ



പോകുകയുണ്ടായി. അദ്ദേഹം ഞങ്ങളുടെ സുകൂളിന്റെ കുറച്ച് താഴെയായാണ്താമസിക്കുന്നത്.ഉച്ചയ്ക്കൊരു രണ്ടര മണിയോടെയൈണ് ഞങ്ങൾ അദ്ദേഹത്തെ കാണുവാൻ ചെന്നത്. ഞങ്ങൾ അവിടെ പോയത് അദ്ദേഹത്തിന്റെ വായനയിലും എഴുത്തിലുമായുള്ള ആശയങ്ങൾ ചോദിച്ചറിയാനും വായനയെ പ്രോത്സാഹിപ്പിച്ച ജീവിതാനുഭവങ്ങളും സാഹചര്യങ്ങളുമൊക്കെകേട്ടറിയ ാനുമാണ്.എഴുത്തിന് തികച്ചും അനുയോജ്യമായ ശാന്ത അന്തരീക്ഷമായിരുന്നു .അവിടെ വീടിന്റെഒരുഭാഗത്തായിഅതിവിശ ാലമായകുറേമുളകൾകാറ്റിനെകു ളിർതൊപ്പിയാക്കി.അവഅഭവന ത്തെ തഴുകുകയാണ്എന്തുകൊണ്ടും ഒരു രചയിതാവിന് തന്റെ ആശയങ്ങളെ മനസ്സിൽനിന്നും കടലാസിലേക്ക്പകർത്താൻതിക ച്ചുംഅനുയോജ്യമായഅന്തരീക്ഷം . അദ്ദേഹംഒരുലൈബ്രേറിയനായിരു ന്നു.വായനയോടുള്ളഅമിതമായ കമ്പംകൊണ്ടാണോഒരുലൈബ്രേറ ിയനായത്? അദ്ദേഹം തന്നആശയംഇതായിരുന്നു”എല്ലാ ംജോലിക്കുംഅതിന്റേതായമഹത ്വമുണ്ട്.ഏത്ജോലിചെയ്യുമ്പോഴു ംവളരെആത്മാർത്ഥതയോടും

പ്രതീഷകളോടുകൂടിയും ചെയ്യുക” എന്ന്ഞാൻകരുത്തുന്നു..വായനയോടുള്ള ആത്മബന്ധംകൊണ്ടു തന്നെയാണ്അദ്ദേഹംഇവിടെഎത്തിച്ചേർന്നതെന്ന്.അദ്ദേഹത്തിന്റെകഥാസൃഷ്ടികളുടെ വളർച്ച ഒരു മാസികയിൽ അച്ചടിച്ചു വന്നഒരുചെറിയകഥയിലൂടെയായിരുന്നു. അനുഭവങ്ങളിലൂടെലഭിക്കുന്നആശയങ്ങൾക്ക്നിത്യജീവിതത്തിൽ വളരെയധികം സ്വാധീനമുണ്ട് .അദ്ദേഹംഎഴുതിയമിക്കകഥകളിലും ശാസ്ത്രത്തിന് വലിയ പങ്കുണ്ട് .അദ്ദേഹം ശാസ്ത്രരംഗത്തും ഒരു പ്രതിഭ തന്നെയായിരുന്നു .അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്നുതന്നെ നമ്മുക്ക് വിശാലമായ വായനയ്ക്ക് നൽകിയിരിക്കുന്ന പ്രാധ്യാനത്തെ കുറിച്ചും മനസ്സിലാവും. വീട്ടിൽ ഞാൻ ശ്രദ്ധിച്ചമറ്റൊരു സവിശേഷതയാണ് ജീവനുള്ള കുറേ ചിത്രങ്ങൾ .അതിൽ എന്നെ പ്രധാന്യമായും ആകർഷിച്ചത് വിളക്കേന്തിയ ഒരു വനിതയുടെ വലിയ ചിത്രമാണ് വടക്കേ ഇന്ത്യൻ സ്റ്റൈലിൽ തലയ്ക്കുമീതെ ഒരു വസ്ത്രംധരിച്ചിട്ടുണ്ട്.ജ്വലിച്ചുകൊണ്ട ്പ്രകാശത്തെകൂടുതൽ പടർത്തുന്നൊരു വിളക്ക് അതിലേക്ക് മറയായി കടന്നുവന്ന ഒരു കരം .കരങ്ങളിൽ തട്ടി പ്രതിഫലിക്കുന്ന വെളിച്ചം കാട്ടിത്തരുന്നത് ഒരു സാധാരണ സ്ത്രീയെയാണ് .പിന്നെ കുറെ രവിവർമ്മ ചിത്രങ്ങളും അദ്ദേഹം ഞങ്ങളുടെ സ്കൂളിനായി ഒരു പുസ്തകം സമ്മാനിച്ചു <u>”THE WILLY TALES AND THE DRAGAN SYORY”</u> ഈ പുസ്തകം അബിനന്ദ് എന്തൊരു വിദ്യാർത്ഥിയുടെ സൃഷ്ടിയാണ് ഭാര്യ പൊന്നമ്മ ടീച്ചറും മകൾ മീരയും അദ്ദേഹത്തിന്റെ എഴുത്തിന് എന്നുംപ്രോത്സാഹനമാണ്..ഞങ്ങളുടെസ്കൂളിലെപൂർവവിദ്യാർത്ഥി കൂടിയാണ്അദ്ദേഹം.ബാല്യകാലാനുഭവങ്ങളും പങ്കുവെച്ചു................



വർത്തമാനം

## നാടൻ..പാട്ടുകാരിക്കൊപ്പം!!



**മേഘമോഹൻ- 9C**

**ഞാനും** എന്റെ കുറച്ചുകൂട്ടുകാരും



അദ്ധ്യാപകരുമായി സ്കൂൾ ബസ്സിൽ കണ്ണാറംകോട് സ്വദേശിയായ മണിയമ്മ എന്ന നാടൻപാട്ടു കലാകാരിയെ കാണാൻ പോയി.വീട്ടിൽ ചെന്നപ്പോൾ തന്നെ പുറത്ത് ചുമരിൽ 'വെളിച്ചം' എന്നാണെഴുതിയിരിക്കുന്നത്. .ഞങ്ങളെ സ്വീകരിക്കാനായി ഒരു പുഞ്ചിരിയോടുകൂടി അവർ ഉമ്മറത്ത് നിൽക്കുന്നുണ്ടായിരുന്നു.പെട്ടെന്ന ാണ് വേറൊരുകാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത് വാതിലിന് മുകളിലായി "മതേതരത്വം ഈ വീടിന്റെ ഐശ്വര്യം"എന്ന് എഴുതിയിരിക്കുന്നു. തികച്ചും നല്ലൊരു അന്തരീക്ഷമാണ് അവിടെ കണ്ടത്.അകത്തുകയറുമ്പോൾത ന്നെ ചുമരിൽ ബുദ്ധന്റെ ചിത്രം വച്ചിട്ടുണ്ടായിരുന്നു.പൂച്ചയുടെ ചിത്രവും ഉണ്ടായിരുന്നു.പൂച്ചയെ ഇഷ്ടപെടുന്നവരാണ് എന്ന് തോന്നുന്നു. പൂച്ചയുടെ കരച്ചിലും ഞാൻ കേട്ടു. സ്വന്തം അനുഭവങ്ങളാണ് മണിയമ്മ എന്ന കലാകാരി ഞങ്ങളോട് പങ്കുവച്ചത്. അവിടെ ഉള്ളവർക്ക് ഒരു പ്രത്യേകതയുണ്ട്. അവർ മതവിശ്വാസികളല്ല.. അവരുടെ വിവാഹംനടന്നതുംഅങ്ങനെയായി രുന്നു.. ഇത് പറഞ്ഞത്അവരുടെ ഭർത്താവാണ്.അദ്ദേഹംനല്ലൊരു എഴുത്തുകാരനാണ് കൂടുതലും കവിതയാണ് എഴുതുന്നത് . അദ്ദേഹം എഴുതിയ "ശെരി" എന്ന പുസ്തകം നമ്മുടെ സ്കൂളിനായി തരുകയും ചെയ്തു. രണ്ടുപ്പേരുടെ മുഖത്തും എപ്പോഴും പ്രകാശമുണ്ടായിരുന്നു.**അവർക്ക്** രണ്ട് ആൺകുട്ടികളായിരുന്നു . രണ്ട് വ്യത്യസ്ത അർത്ഥമുള്ള പേരുകളാണ് കുട്ടികൾക്ക് ഇട്ടത് . സമൻ ,സഹത്ത് ഒരാൾ ഉഴമലക്കൽ സ്കൂളിൽ 7-ാം

ക്ലാസ്സിൽ പഠിക്കുന്നു.മറ്റൊരാൾ വെള്ളനാട് സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്നു. മണ്ണിയമ്മയുടെ ഓരോ വാക്കും എന്നെ കൂടുതൽ കൂടുതൽ ആകർഷിച്ചു. ആ വീട്ടിൽ എല്ലാ മതഗ്രന്ഥങ്ങൾക്കും ഒരു പോലെ വിലകൽപ്പിക്കുന്നു. . മണ്ണിയമ്മയുടെ വാക്കുകളിൽ അത് ഉണ്ടായിരുന്നു. അവിടെ മഹാഭാരതം ,രാമായണം ,ഖുറാൻ,ബൈബിൾ എന്നീ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. ഒരു ലൈബ്രറി തന്നെ ആ വീട്ടിൽ ഉണ്ട്. ഞങ്ങളോടൊപ്പം വന്ന കൂട്ടുകാർ ഓരോരോ കാര്യങ്ങൾ മണിയമ്മയോട് ചോദിച്ചുതുടങ്ങി . ആ ചോദ്യങ്ങൾക്കൊക്കെ മണിയമ്മ ചെറുപുഞ്ചിരിയോടെ മറുപടി പറഞ്ഞു. അതിനിടയിൽ ഞങ്ങളോടൊപ്പം വന്ന കുട്ടി നാടൻപ്പാട്ടിലേക്ക് വരാനാനുള്ള കാരണം ചോദിച്ചു. അവരുടെ നാടും അന്നത്തെ ഓണപ്പാട്ടുകളും , നാടൻപ്പാട്ടുകളും ആണ് എന്നെ ഈ കലാകാരിയാക്കിയത് എന്ന് മറുപടി പറഞ്ഞു. അവർ ഞങ്ങൾക്ക് കഴിക്കാനായി പലതരം ഭക്ഷണംകരുതിയിരുന്നു. പക്ഷേ നമ്മുക്ക് സമയം ഇല്ലാത്തതുകൊണ്ട് ലഘുഭക്ഷണം കഴിച്ചു.. നാടൻ പാട്ടുകൾ പാടിത്തന്നു. അവിടെ നിന്ന് ഇറങ്ങുമ്പോൾ എന്റെ മനസ്സിൽ ഓരോ പുതിയ ആശയങ്ങളുണ്ടായി. മനുഷ്യൻ മതത്തിന്റെയുംആചാരങ്ങളുടെ യും,അന്ധവിശ്വാസങ്ങളുടെയുംപിറകെപ ോകുമ്പോഴും ഇതിനൊന്നും വിലകൽപ്പിക്കാതെ ഖുറാനും,ബൈബിളും,രാമയണവും,മഹാഭ ാരതവും നെഞ്ചോട് ചേർത്ത് ജീവിക്കുന്ന ആ കുടുംബത്തിലെ സന്തോഷമാണ് എന്റെ മനസ്സിനെ കൂടുതൽ ആകർഷിച്ചത്.. ”മതമേതായാലും മനുഷ്യൻ നന്നായാൽ മതി” എന്ന ശ്രീനാരായണഗുരുവിന്റെ ആശയത്തെ ആ കുടുംബം പൂർണ്ണമായി വിലകൽപ്പിച്ചിരുന്നു



എന്ന് എനിക്ക് ബോധ്യമായി. അവിടെ നിന്നിറങ്ങി സ്കൂൾബസ്സിൽ കയറുമ്പോഴും എന്റെ ചിന്തകൾ മുഴുവനും മണിയമ്മയേയും ആ വീട്ടിലെ ഒരോരുത്തരെയും പറ്റിയായിരുന്നു. ആ വീട്ടുപേര് തികച്ചും ആ വീടിനു അനുയോജ്യമാണ് ആ വീട് ഒരു വെളിച്ചം തന്നയാണ് നന്മയുടെ വെളിച്ചം!

കവിത

## തോരാമഴ

**ജ്യോതിക.വി 9 C**



**നിലാവിന്റെ** ശൂന്യതയിൽ
എങ്ങോ ഒരു തേങ്ങൽ
ആരോ... അറിയില്ല!
ഒറ്റക്കാണവൾ
അവളുടെ കൂട്ടിന് ഇടിയും ,മിന്നലും ,കാറ്റും
അറിയില്ല അവൾക്ക്.
അവളുടെ മഞ്ഞിൻ കൂടാരത്തിൽ
നിന്നും വരാൻ പേടിയാവാം.
അവൾ സ്വതന്ത്രയാകും
അന്നവൾ തോരാതെ കരയും
കരയുംന്തോറും അവളുടെ നിറം വല്ലാതെ



ഇരുണ്ടുകഴിഞ്ഞു.
ആ ഇരുട്ടിൽ അവളുടെ നിറം മിന്നലാണ്
അവളുടെ സുഗന്ധം ഭൂമിയിലാകെ
അവളുടെ കലപില കൂടുന്ന
കൊലുസിന്റെ ശബ്ദം
തോരാതെ
വീഴുകയാണ്ജനലിഴകളിലൂടെ അവളുടെ
കണ്ണീർ നിശബ്ദമാണ്.
ഒരു സ്ത്രീയുടെ കണ്ണീർ ആ കണ്ണീരിനും
അവളുടെ പേടിയാണ്ഓരോ നിമിഷവും
അവളുടെ കണ്ണീർ.

കവിത

## സങ്കടമെന്ന ശത്രു



**ബിജിത.ജയൻ 9 C**

ഇരുട്ടിലെ പ്രകാശത്തെ
വെളിച്ചമാക്കുന്ന-
അതിഥിയാം
സന്തോഷത്തിനെ
തട്ടിതെറിപ്പിക്കുന്ന -
സങ്കടലോകമേ,ജീവിത
അദ്യാന്തരങ്ങളിലിരു-
രിട്ടിന്റെ
സ്നേഹദീപത്തിലെവിടയോ
പ്രകാശം ഇല്ലാതെയായി,സങ്കടം
ആവോളം
നകരുവാനിനിയീ ജന്മം
വെറുതെയായി,
മരണമായി ,ജീവിതബന്ധങ്ങളിലെ
വിള്ളലായ്
മാറുന്ന സങ്കടമേ..... നീ
കൂടപ്പെറാപ്പാ....
ചങ്ങലയായി മാറുന്ന
ജീവിതബന്ധങ്ങളെ
തച്ചുടക്കുമ്പോൾ സന്തോഷ
ഭരിതയാകുന്ന
സങ്കടം.
ലോകം മുഴുവൻ സങ്കടം
നിറയുമ്പോൾ
ഇരുണ്ട പ്രദേശത്തെ
വെളിച്ചമാക്കുന്ന സന്തോഷം.

സ്വപ്നം....

## ഞാൻ പ്രധാനമന്ത്രിയായാൽ



**അനസിജ് എം എസ്6A**

ഞാൻ പ്രധാനമന്ത്രിയായാൽ എനിക്ക് എന്റെ പദവി നന്നായി വിനിയോഗിക്കാൻ ആഗ്രഹമുണ്ട്. ഞാൻ ജനങ്ങളുടെ നന്മയ്




ക്കും ഉന്നമനത്തിനുമായി പ്രയത്നിക്കും. ജനങ്ങൾക്ക് നന്മയേകുന്ന ഒരു നല്ല ഭരണാധിക്കാരിയാവാൻ ശ്രമിക്കും തെറ്റ് ചെയ്യുന്ന എല്ലാവരെയെു ഞാൻ നിയമത്തിനു മുൻപിൽ കൊണ്ട് വരും അവര അർഹിക്കുന്ന ശിക്ഷയും നൽകും. ഇന്ന് പലപല ഉദ്യോഗസ്ഥരും കൈകൂലി വാങ്ങി കുത്തുക കമ്പനികൾക്ക് പ്രവർത്തിക്കാൻ അനുവദിക്കും എന്നാൽ ഞാൻ പദവിയിൽ ഇരിക്കുമ്പോൾ ജനങ്ങളുടെചോരയൂറിക്കുടിക്കുന്നകുത്ത കമ്പനികളെ വളരാൻ അനുവദിക്കില്ല.ഞാൻ എന്നെക്കോണ്ടാവും വിധം എന്റെ രാജ്യത്തിന്റെ വളർച്ചയെ സഹായിക്കും എന്റെ ജനങ്ങളെ ദ്രോഹിക്കുന്നവർ അർഹിക്കുന്ന ശിക്ഷനൽകും.ഞാൻ ഭരണത്തിലേറുമ്പോൾസ്ത്രീകൾ ക്കെതിരെയുള്ളഅക്രമങ്ങൾക്ക്എ തിരെപൊരുതും.ഉദ്യോഗസ്ഥരുടെ അഴിമതികൾ പുറത്ത് കൊണ്ടുവരാൻ ഞാൻ വിശ്വസ്തരായ ആളുകളെ നിയമിക്കും.എന്റെ രാജ്യത്ത് പണക്കാരൻ -പാവപ്പെട്ടവൻ ,ജാതിയിൽ ഉയർന്നവൻ -താഴ്ന്നവർ തുടങ്ങിയവരെഒന്നായിരിക്കാൻഞ ാൻആവിശ്യപ്പെടും.മൃഗത്തിന്റെ പേരിലോ,സത്യത്തിന്റെപേരിലോ യുള്ളകൊലപാതകംനടത്തുന്നവ രെഞാൻശിക്ഷിക്കും.സമൂഹത്തി ൽഇന്ന്അന്ധവിശ്വാസങ്ങൾപെരു കുകയാണ്.ഇവമനുഷ്യൻ പറഞ്ഞുണ്ടാക്കുന്നവയാണെന്നും ഇവക്കെതിരെ ശബ്ദമുയർത്താനും സമൂഹത്തിന്റെ നന്മയെയും ശാസ്ത്രത്തെയും വളർത്താനുമുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തും .ചിലഅനാവശ്യനിയമ ങ്ങൾ എടുത്ത് കളയും പുതിയ ചിലത് ചേർക്കും.ഞാൻപ്രധാനമന്ത്രിയായ ിരിക്കുമ്പോൾഞാൻപറയുംഒരുമ, സ്നേഹം,നന്മ,എന്നിവ ജീവിതത്തിൽ എപ്പോഴുംപാലിച്ചിരിക്കേണ്ടവയാ ണ്.ചില നികുതികളിൽ നിന്ന് ലഭിക്കുന്ന അധിക വരുമാനംഞാൻപാവപ്പെട്ടകുട്ടികൾ ക്കായിഉപയോഗിക്കും.എല്ലാ- വർക്കുംവിദ്യാഭ്യാസംഉറപ്പാക്കുംഎ ന്റെസ്വപ്നങ്ങളേക്കാൾഞാൻപ്രാധാ

ന്യംനൽകുന്നത്കുഞ്ഞ്മനസ്സുകളുടെസ്വപ്നങ്ങൾക്കായിരിക്കും.

റിപ്പോർട്ട്

## ഡിജിറ്റൽസിറ്റിസൺഷിപ്പ്



## വർക്ക്ഷോപ്പ്

**അശ്വനി എസ് 9C**




**കരിപ്പൂര്** സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റേയുംശാസ്ത്രസാഹിത്യപരിഷത്ത് നെടുമങ്ങാട് യൂണിറ്റിന്റേയും നേതൃത്വത്തിൽ ഹൈസ്കൂൾ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക്നെടുമങ്ങാട് ടൗൺ എൽ പി എസ് ൽ വച്ച് ഡിജിറ്റൽ സിറ്റിസൺഷിപ്പ്വർക്ക്ഷോപ്പ് നടത്തി.തിരുവനന്തപുരം സയൻസ് എഡ്യൂക്കേഷൻ ട്രസ്റ്റിലെ ഹരിത തമ്പിയാണ് ക്ലാസ് നയിച്ചത്. നെടുമങ്ങാട് താലൂക്കിലെ പതിനൊന്ന് സ്കൂളുകളിൽ നിന്നും എൺപത്തിമൂന്നു കുട്ടികൾ പങ്കെടുത്തു.ക്ലാസിനു ശേഷം സംഘങ്ങളായി തിരിഞ്ഞ് ഡിജിറ്റൽഭരണഘടന എഴുതിയുണ്ടാക്കി അവതരിപ്പിച്ചു. അവരവരുടെ സ്കൂളുകളിൽ തുടർ പ്രവർത്തനമായി ഈ പരിപാടി ചെയ്യാനാണ് കുട്ടികളുടെ തീരുമാനം.ശാസ്ത്രസാഹിത്യപരിഷത്ത് യൂണിറ്റ് പ്രസിഡന്റ് ജി ജെ പോറ്റി,മേഖല സെക്രട്ടറി നാഗപ്പൻ ,കേശവൻ കുട്ടി, വിഷ്ണുവിജയൻ, അനു വിനോദ്, ആദില കബീർ, അധ്യാപകരായഷീജാബീഗം, ശ്രീവിദ്യ,ജ്യോതി,ഷീന എന്നിവർ പങ്കെടുത്തു.



അന്വേഷണം

## പ്രകൃതിയിലെ ഗണിതം



ഷീജാബീഗം
എസ്(അധ്യാപിക)

പ്രകൃതിയുമായി സംവദിക്കാനുള്ള ഭാഷയാണ് ഗണിതം.അക്കങ്ങളും ഗണിതചിഹനങ്ങളും ജ്യാമിതീയ രൂപങ്ങളും അതിന്റെ അക്ഷരമാലയാണ്.ഗണിത ഭാഷയുംനമുക്ക്ജന്മസിദ്ധമാണ്.പ്രകൃതിയ ില്‍ നമുക്ക് ധാരാളം ഗണിതസാന്നിധ്യം കാണാൻ കഴിയും.

മഴവില്ലിൽ ഒരേ നിറമുള്ള എല്ലാം കണികകളും ഒരു വൃത്തചാപത്തിൽആയിരിക്കും.ഏത്കോ



ണിൽവീണാലുംവജ്രത്തിനുള്ളിൽ പ്രവേശിക്കുമ്പോൾ പ്രകാശരശ്മികോണിനുള്ളിൽ 49 ഡിഗ്രിഒരു ക്കപ്പെടുന്നു.ഇതെല്ലാംപ്രകൃതിയിലെഗണി തമാണ്.സൂര്യകാന്തിപൂക്കളിലെവിത്തുക ളുടെക്രമീകരണവും,കൈതചക്കയിലെമു ള്ളുകളുടെക്രമീകരണവും,പ്രകൃതിയിലെ ഫീബോനാച്ചി ശ്രേണിക്ക് ഉദാഹരണമാണ്.

മരങ്ങളിലുംപൂക്കളിലും,ഇലക ളിലും എല്ലാം ഗണിതത്തിന്റെ അനുപാദംനമുക്ക്കാണാം.പ്രകൃതി യിലെഇന്ദ്രിയഗോചരമാക്കുന്നതി ൽ,ക്ഷീരപഥം മുതൽ ഒച്ചിന്റെ പുറന്തോടുവരെയും പൂക്കൾ മുതൽആൽഗവരെയുമുള്ള പ്രകൃതിയുടെവിന്യാസങ്ങളിൽഎ ല്ലാംജ്യാമിതിയുടെസൂത്രവാക്യങ്ങ ൾ ഒളിഞ്ഞിരിക്കുന്നു.



നമുടെ പ്രകൃതിയിൽ കാണുന്നമിക്കപൂക്കളിലും,ഇലകള ിലുംപ്രതിസാമ്യതശ്യമാണ്.മിക്ക ജീവികളുടെയുംരൂപത്തിൽപ്രതിസ ാമ്യതയുണ്ടെങ്ങിലും,പ്രതിസാമ്യ തപെട്ടന്ന്മനസ്സിലാക്കാൻ കഴിയുന്ന ഒരു ജീവിയാണ് ചിത്രശലഭം. അന്തരീക്ഷത്തിലെപ്രാണവായുവി ന്റെയുംകാർബൺഡൈഓക്സൈഡി ന്റെയും അളവ് തന്നെ ഒരു നിശ്ചിതഅനുപാതത്തിലാണ്.





21%പ്രാണവായുവും,0.03%കാർബൺ ഡൈഓക്സൈഡുംചേർത്തുള്ളഒരുസന്തുലി താവസ്ഥയിലാണ് ജീവൻ നിലനിൽക്കുന്ന്ത് പ്രാണവായുവിന്റെ ശതമാനംഅൽപംകൂടിയാൽഎല്ലാംകത്തി ച്ചാമ്പലാകും.കാർബൺഡൈഓക്സൈഡി ന്റെ അളവ് കൂടിയാൽ എല്ലാവരും ശ്വാസമുട്ടി മരിക്കും.ഒരുശരാശരിയിലാണ് ലോകംനിലനിൽക്കുന്നത്.പ്രകൃതിയിലെവ സ്തുക്കളുടെ സൗന്ദര്യത്തിന് ഒരു പ്രാധാന കാരണംഗണിതത്തിലെഅനുപാതമാണ്എ ന്തിന്,ഒരുമനുഷ്യന്റെശരീരികപ്രവർത്തന ത്തെനിയന്ത്രിക്കുന്നതിൽവായു,ജലം,ലവ ണം,പഞ്ചസാര,ഇവയുടെ അളവിന് വളരെ പ്രാധാന്യമുണ്ട്.ഇവയുടെ ശരിയായ അളവിൽ വരുന്ന വ്യത്യാസമാണ് രോഗം എന്ന അവസ്ഥയ്ക്ക് കാരണം.

ആധി

## ലഹരിയുടെ ഉപയോഗം



ഭദ്ര ബി (7B)

**മയക്കു**മരുന്ന്,മദ്യം എന്നിവ അപകടം നിറഞ്ഞ വസ്തുക്കളാണ്.ഈ വിഷങ്ങൾ ബുദ്ധിയെ ബാധിക്കുന്നു.ഓർമശക്തി കുറയ്ക്കുന്നു.പഠനത്തിലുള്ള താൽപര്യം മങ്ങുന്നു.ആകപ്പാടെയുള്ള മാന്ദ്യംകുട്ടിയുടെവ്യക്തിത്വത്തമാറ്റി മറിക്കുന്നു.മുതിർന്നവർ കൂടുതലായും മദ്യത്തിലാണ് താൽപര്യം കാട്ടുന്നത്.മദ്യാസക്തിയിൽഅകപ്പെട്ട് വിറയാർന്ന ശരീരവുമായി ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങളെ അഭയംപ്രാപിക്കുന്നവരുടേയും,കരളി ന്റെ പ്രവർ ത്തനംനിലച്ച്മരണാസന്നരായി ആശുപത്രിക്കിടക്കകളിലമരുന്നവരു ടേയുംസംഖ്യകേരളത്തിലിന്നുചെറു തല്ല.നിരന്തര മദ്യപാനത്തിൽ ഒരാളുടെ വ്യക്തിജീവിതം കുത്തഴിയുകയും,അയാളെ ആശ്രയിച്ചു കഴിയുന്നവരുടെ ജീവിതം കീഴ്മേൽ മറിയുകയുംചെയ്യുന്നു.ഒരാളുടെ മദ്യാസക്തിയെ പിൻ പറ്റിയെത്തുന്നത് രോഗങ്ങൾ മാത്രമല്ല തൊഴിൽ നഷ്ടം,വരുമാനനഷ്ടം,മനോവിഭ്രാന്തി, സംശയരോഗം,ആക്രമണോത്സുകത ,ഒറ്റപ്പെടൽ,കുടുംബബന്ധങ്ങളിലെ ശൈഥില്യം,വ്യക്തിപരമായ ഉൾ വലിയല്എന്നിവകൂടിയാണ്.കേരള ത്തില്
വർദ്ധിച്ചുവരുന്ന ഗാർ ഹികപീഡനം,ലൈംഗികാതി ക്രമങ്ങള്,ആത്മഹത്യ,വിവാഹമോച നം,റോഡപകടങ്ങൾ,എന്നിവയുടെ കണക്കു നോക്കിയാൽ പ്രതിസ്ഥാനത്തു നിൽക്കുന്ന ഒരു ഘടകം മദ്യാസക്തി തന്നെയാണ്.വീടിനും നാടിനും കൈവിളക്കാകേണ്ട യൗവനം പാതിവഴിയിൽ കരിന്തിരി കത്തി കനൽ കെടുന്നത് കേരളത്തിന്റെപതിവുകാഴ്ചയാണ്.മ യക്കുമരുന്നിൽ നശിച്ചുപോകേണ്ടതല്ല നമ്മുടെ

ബാല്യവും യൗവനവും.നമ്മുടെ കൂട്ടുകാർ വഴിതെറ്റിപ്പോകാതെ നോക്കേണ്ടത് നമ്മളാണ്.ഈ കാര്യത്തിലവർ ക്കൊരിക്കലും കൂട്ടു നിൽക്കരുത്.അവനെ നേർവഴിക്കു നടത്തുകയും നമ്മൾ വഴിതെറ്റാതെ നോക്കുകയും വേണം.നല്ല നാളേക്കായിനമുക്കൊരുമിക്കാം." നമ്മുടെ കേരളം ലഹരിവിമുക്ത കേരളം".

സ്വപ്നം



## എന്റെ വിദ്യാലയം

**ആഷ് ലി രാജ് പി.എസ് 7B**

**നമു**ക്കെല്ലാവർക്കും അറിയാം നമ്മുടെ അറിവിന്റെ പ്രധാന സ്രോതസ്സു തന്നെ നമ്മുടെ വിദ്യാലയങ്ങളാണ്.ആദ്യമായി വന്ന പള്ളിക്കുടം പിന്നെ പതുക്കെ വലിയ വിദ്യാഭ്യാസ സ്ഥാപനങ്ങളായി .വിദ്യാഭ്യാസം എന്നത് ഒരു തൊഴിലിനു വേണ്ടിയല്ല.,പഠനം നമ്മുടെ ജീവിതത്തിലെ ഓരോരോഘട്ടങ്ങളിലും നന്നായി ഉപയോഗപ്പെടുത്തുവാനുള്ള ഒരു ജീവിത മാർഗം കൂടിയാണ് നമ്മുടെ സ്കൂളുകളിൽ ഇപ്പോൾ ഹൈടെക്ക് ക്ലാസുകൾ,ലാബുകൾ എന്നിവ ഉപയോഗിച്ച് വരുന്നു,പക്ഷെ നമ്മൾഅതിനെദുരുപയോഗപ്പെടുത്തരുത്. ആ ക്ലാസുകളിൽ നമ്മുടെ അധ്യപകർ നമ്മുക്ക് വേണ്ടി പകർന്നുതരുന്ന ഓരോ ചിന്തയും അറിവും ഒരു പുതുയുഗ തലമുറയെ വാർത്തെടുക്കുന്നു. നമ്മുടെസ്കൂളുംഅവിടത്തെഅധ്യാപകരും അങ്ങനെയാണ്..നമ്മുടെ സ്കൂൾ സ്വപ്നങ്ങളിൽ വരുന്ന ഒരു ഏറ്റവും വലിയ വിഷയം തന്നെ സ്കൂളുകളിലെപ്ലേഗ്രൗണ്ടാണ്.അത് ഇനിയുംമെച്ചപ്പെടുത്തണം.നമ്മൾ വിദ്യാർത്ഥികളുടെ വളർച്ചയിൽ ഒരു ഭാഗം തന്നെ കായികപ്രവർ ത്തനമാണ്.പിന്നെഅടച്ചുറപ്പുള്ള ക്ലാസ്മുറികൾ,വൃത്തിയുള്ള സ്കൂൾ പരിസരം,അച്ചടക്കമുള്ള വിദ്യാർഥികൾ...ഇതൊക്കെയാണ് എന്റെ സ്വപ്നം .നമുക്ക് ഏവർക്കും ഉള്ള സ്വപ്ന വിദ്യാലയം .വിദ്യാലയംപകരുന്നത്അറിവും സ്നേഹവുമാണ്.



കവിത

## എൻ മനസ്സേ നീ കേൾക്കു

**അമിത.എം.എ 8 ബി**



എൻ ജീവിതമേ നീ
കേൾക്കൂ
എനിക്കായി ഒരാൾ.
അതാണന്റെ അമ്മ
അമ്മ എനിക്കായി
ജീവിതമൊഴിഞ്ഞ ഒരാൾ.



ത്യാഗമെന്ന മഹാത്യാഗത്തെ
മറിക്കടന്നൊരാൾ എൻ അമ്മ
ഞാൻ മറന്നുപോയ മനസ്സ്
കുഞ്ഞുകൈകൾ പിടിച്ച
ആ മാതാവിനെ ആ ദേവിയേ ആ
ഈശ്വരനെ......എൻ മനസ്സിലെ
രാജ്ഞിയെ മനുഷ്യന്മാരെ
കേൾക്കേ എൻ വാചകങ്ങളെ മറക്കരുത്
ആ ദേവിയേ ...
എൻ വായിൽ ആദ്യവന്ന
വാചകം അമ്മ എന്നു മാത്രം
എന്നെ എല്ലാം പഠിപ്പിച്ച ആദ്യ
വ്യക്തി അമ്മയാണ് തള്ളി കളയരുതേ
ആ പാവത്തെ!

ഇഷ്ടം

## എന്റെപള്ളിക്കൂടം....എന്റെ ലിറ്റൽ കൈറ്റ്സ്!



**സുഫിയ സുജാദ് 9C**

**എന്റെ** അനുഭവം എന്റെ സ്കൂളാണ് .ഒരു ദിവസം സ്കൂളില്ലെങ്കിൽ അന്നത്തെ ദിവസം കട്ട ബോറാണ്. സ്കൂളിലാണെങ്കിൽ കൂട്ടുക്കാരുടെ ചിരിയും എല്ലാം എന്റെ മനസ്സിൽ മായാതെ കിടക്കുന്നുണ്ട്.ക്ലാസിലെന്തെങ്കിലും കുരുത്തക്കേട് ഒപ്പിക്കുന്ന ചില ബോയിസുണ്ട് .പിന്നെ എല്ലായിപ്പോഴും സന്തോഷം മാത്രമുണ്ടായാൽ ഒരു രസവും ഉണ്ടാകില്ല.എന്നാൽ ദു:ഖമുണ്ടായാലോ നാം അറിയാതെ പഴയകാല സന്തോഷത്തിലേക്ക് നാംവഴുതിവീഴും..പീ.റ്റിദിവസമുണ്ടെങ്കിൽഅന്ന്എല്ലാവർക്കുംസന്തോഷമാണ്.എപ്പോഴാണോ പീ.റ്റി അത് ആവുന്നത് വരെ ഓരേ പിരീഡും തള്ളിനീക്കും.കളി ഒരു ആനന്ദമാണ് കുട്ടികൾക്ക്. ലിറ്റിൽ കൈറ്റ്സിൽ ചേർന്നിതിൽ എനിക്ക് വളരെ സന്തോഷമാണ്.ലിറ്റിൽ കൈറ്റ്സിലെ എന്റെ പ്രിയ സുഹൃത്ത് ബിന്ദു ടീച്ചറാണ് എന്റെ സപ്പോട്ടാണ്. ടീച്ചർ മാത്രമല്ല എല്ലാവരും ഉണ്ട്.ഈ സ്കൂളിൽചേർന്നതിൽ എനിക്ക് നല്ല സന്തോഷമുണ്ട്.എന്റെ ഈ വർഷത്തെ അനുഭങ്ങൾ വലുതാണ്.എല്ലാം എന്റെ മനസ്സിൽ മായാതെകിടപ്പുണ്ട്.ലിറ്റിൽ കൈറ്റ്സ്ആണ്എന്റെകൂട്ടുകാരൻ. അതോടൊപ്പം എന്റെ കുടുംബം ഗവ ഹൈ സ്കൂൾ കരിപ്പൂരും.

കവിത

## അമ്മയും അമ്മയോടുള്ള ഇഷ്ടങ്ങളും



**അനുഷാരാജ് 6B**

സൂര്യകിരണങ്ങൾ മാനത്ത്
പൂവിടുമ്പോൾ
മുമ്പിൽ നിൽക്കുന്നൊരു
കെടാവിളക്ക്,
സ്നേഹത്തോടെ വായിൽ
അന്നമൂട്ടുന്നൊരു ദൈവം ,
തൻ സ്നേഹത്താൽ അമ്മിഞ്ഞ
മൂട്ടുന്നൊരുജനനി, ,ഉച്ചയാകുമ്പോൾ
സ്നേഹത്തിന്റെ ഉരുളകൾ
പകർന്നു തരുന്നൊരു മാതാവ് .
രാത്രിയാകുമ്പോൾ തൻ മാറോട് ചേർ
ത്തുകിടത്തി ഉറക്കും അമ്മ ഈ
സ്നേഹത്തിന്റ മുമ്പിൽ കൈകൂപ്പി
വണങ്ങുവാനല്ലാത്ത വേറെയെന്ത് പകരം
കൊടുക്കും നമ്മൾ.

കവിത

## എന്റെ ബാല്യം

**മിഷ്ട.എം.ബി 6B**



അമ്മയുടെ
കണ്ണിന്റെ
കൃഷ്ണമണി
കൊഞ്ചിക്കളിച്ചു നടന്ന ബാല്യം
പള്ളിക്കൂടത്തിൽ നിന്നെത്തുന്ന നേരം
വരെ കാത്തുനിൽക്കുമെന്നമ്മ
കോഴികൂവുന്നനേരം ഉണരുന്ന എന്നമ്മ
മക്കൾക്കു വേണ്ടികരുതിവയ്ക്കുന്ന
അമ്മയുടെ മനസ്സിന്റെ
മൂത്തായ് വളർന്ന ഞാൻ ഓരോ
പടികൾ ഉയർന്നു വന്നു.
പിന്നെ മനസ്സിന്റെ ചിന്തകൾ മാറി
ഞാൻ ഏതോ
ഒരന്ധകാരത്തിലെത്തി
വേവലാതികൊണ്ട് ജീവിതം
മുന്നോട്ട് പോകാൻ പ്രയാസമായി
ഓരോ നിമിഷവും
കാത്തിരിക്കുന്ന എന്നമ്മ മണ്ണോടു
മണ്ണായിത്തീർന്നു.
ഓരോ നിമിഷവും
കാത്തിരിക്കുന്ന
എന്നമ്മയെ ഓർത്ത്
പൊട്ടിക്കരഞ്ഞു.



റിപ്പോർട്ട്

## ഗണിതോത്സവം

**മാളവിക ജെ ,ആമിന എസ് എസ്**
**9A**



പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഗണിതോത്സവം പരിപാടി നെടുമങ്ങാട് നഗരസഭാതലം കരിപ്പൂര്ഗവ.ഹൈസ്കൂളിലാണ്നട ന്നത്.
നെടുമങ്ങാട് നഗരസഭയിലെ വിവിധസ്കൂളുകളിൽ നിന്നുംനൂറ്റിരണ്ടുകുട്ടികൾ പങ്കെടുത്തു.ഹെഡ്മിസ്ട്രസ്അനിത വി എസ് സ്വാഗതം

പറഞ്ഞു.വാർഡ്കൗൺ സിലർസംഗീതരാജേഷ്ഗണിതോത്സവം ഉദ്ഘാടനം ചെയ്തു..നെടുമങ്ങാട് ബി.പി.ഒ ശ്രീസനൽകുമാർആശംസ പറഞ്ഞു. പി റ്റി എ പ്രസിഡന്റ് ആർ ഗ്ലിസ്റ്റസ് വൈസ് പ്രസിഡന്റ് പ്രസാദ് സ്റ്റാഫ് സെക്രട്ടറി പുഷ്പരാജ് ആർ പിമാരായസരിത ,ഭാഗ്യലക്ഷ്മി ടീച്ചർ,ഷൈജ ടീച്ചർ ,ദീപ്തി ടീച്ചർ,മനോഹരൻസാർ,സജിത് സാർ,അശ്വതി ടീച്ചർ,സുജല ടീച്ചർ എന്നിവർസംസാരിച്ചു.വിവിധസ്കൂളുകളിൽ നിന്നും അധ്യാപകർ,പി റ്റി എ ഭാരവാഹികൾ,രക്ഷകർത്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.തയ്യലുംഗണിതവും,ഭിന്നസംഖ്യയുംഗണിതവും, ജ്യാമിതീയരൂപനിർമാണവും ,ക്ലിനോമീറ്ററവതരണം,സ്കൂൾ പരിസരത്തെഗണിതംകണ്ടെത്തൽ,ടാൻഗ്രാം നിർ മാണം,ഗൃഹനിർമാണത്തിലെഗണിതം, ജ്യോതിശാസ്ത്രത്തിലെ ഗണിതം,ഇങ്ങനെ വിവിധവിഷയങ്ങളിൽ ക്ലാസുകൾ നടന്നു.അധ്യാപകനായിരുന്ന എൻ കൃഷ്ണൻപോറ്റിസാർ അനുഭവങ്ങൾ പങ്കുവച്ചു.'സംഖ്യാകൗതുകദർശിനി 'എന്നപരിപാടിയിലൂടെസംഖ്യകളിലെഅത്ഭുതംസാറുംവിദ്യാരർത്ഥിയായഅഭിജിത്ത ുംപങ്കുവച്ചു.വളരെതാല്പര്യത്തോടെയാണ്എല്ലാവിഭാഗങ്ങളിലും കുട്ടികൾ പങ്കെടുത്തത്.ഗണിതപഠനത്തിന്റെപ്രായ ോഗികതലത്തിലേക്ക് രസകരമായി അവർക്കെത്താൻ കഴിഞ്ഞു എന്നതാണ് ഈ ക്ലാസുകളുടെ പ്രത്യേകത.



അനുഭവം

## ആടും..ഞാനും

**ജ്യോതിക ജെ ആർ 8 ബി**

ഞാൻ 4-ാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ദിവസം ഞാൻ സ്കൂൾ കഴിഞ്ഞ് വീട്ടിൽ എത്തിയപ്പോൾ അമ്മ എന്നോട് പറഞ്ഞു"ആ മതിലിന്റെ അകത്ത് ആട്ടിൻ കുട്ടികളെ കെട്ടിയിട്ടിട്ടുണ്ട് അഴിച്ച് കൊണ്ട് വാ "ഞാൻ പറഞ്ഞു "എനിക്ക് പേടി അത് എന്നെ ഇടിക്കും "അപ്പോൾ അമ്മ പറഞ്ഞു" അത്ങ്ങളെ അഴിച്ച് വിട്ടാൽ മതി ഇങ്ങ് വന്നോളും" അത് കേട്ട് ഞാൻ എന്റെ അനുജത്തിയേയും കൂട്ടി മതിലിനടുത്ത് ചെന്നു .അതിനു ശേഷം എല്ലാവരെയും അഴിച്ചു വിട്ടു .എന്നാൽ ആ കൂട്ടത്തിലെ ദേഷ്യക്കാരനും ഇടിയനുമായ കിട്ടു അഴിച്ചു വിട്ടിട്ടും പോയില്ല കുറച്ച് നേരം അത് എന്നെ നോക്കി നിന്നു

.അതിനു ശേഷം അത് ഓടാനായി തയ്യാറെടുത്തു. അവൻ വരും മുൻപേ ഞാൻ ഓടി എന്നാൽ അവൻ എന്റെ പിന്നാലെയും .ഇടികൊള്ളാൻ താൽപര്യം തീരെയില്ലാത്തതിനാൽ ഞാൻ ഒരു മരത്തിന്റെ മുകളിൽ ചാടികയറി ആടിന് മരം കയറാൻ അറിയാത്തത് ഭാഗ്യമായി. ഞാൻ അവിടെ ഇരുന്ന് അമ്മയെ വിളിച്ചു .കിട്ടു പോയോ എന്ന് താഴേക്ക് നോക്കിയപ്പോഴേക്കും നിർഭാഗ്യവശാൽ എന്റെ കണ്ണിലിരുന്ന കണ്ണട താഴേക്ക് പോയി അവൻ അതിനെ ചവിട്ടി ഒരു കോലമാക്കി എന്നിട്ടാണ് അമ്മയുടെ വരവ്.അമ്മ അതിനെ കൊണ്ട് പോയിട്ടും എനിക്ക് താഴെ ഇറങ്ങാൻ കഴിഞ്ഞില്ല പിന്നെ എന്റെ അനുജത്തിയുടെ സഹായത്തോടെയാണ് ഞാൻ ഇറങ്ങിയത്.

തിരിച്ചറിവ്



## എന്റെ സ്കൂൾ

**ഗൗതം ലാൽ 6 ബി**



പുതിയസ്കൂളിൽവന്നപ്പോള്എനിക്ക് യൂണിഫോംകിട്ടി.രാവിലെയുംഉച്ചയ്ക്കു കിട്ടുന്നആഹാരംനല്ലസ്വാദാണ്.പി.റ്റി എന്ന പിരീഡുണ്ട്ആസമയംഞങ്ങളെ എല്ലാവരെയുംകളിക്കാൻഗ്രൗണ്ടിൽ കൊണ്ടുപോകും.'മിനികൈറ്റ്സി'ൽ അംഗമാകാൻകഴിഞ്ഞു,അതുകൊണ്ട് തന്നെ കമ്പ്യൂട്ടർ ലാമ്പിൽ ഒരുപാട് പ്രാക്ടിക്കൽ കിട്ടുന്നുമുണ്ട്.പഴയ സ്കൂളിൽ കിട്ടിയതിനേക്കാൾ മാർക്ക്ഈ സ്കൂളിൽ വന്നപ്പോൾ എനിക്ക് ലഭിച്ചു.രക്ഷിതാക്കൾ വന്ന യോഗത്തിൽ എനിക്ക് ഒരു നാടകം അവതരിപ്പിക്കാൻ അവസരം ലഭിച്ചു.സർഗ്ഗവേള എന്ന പിരീഡുണ്ട് ആ സമയം എനിക്ക് പാടാനും മോണാആക്ട് ചെയ്യാനും അവസരം ലഭിച്ചു.എനിക്കീ സ്കൂൾ വളരെയധികം ഇഷ്ടമാണ്.

ഇഷ്ടം

## മടക്കം



**അബ്ദുൾ അസീസ് 8 ബി**

ഞാൻഅബ്ദുൾഅസീസാണ്. ഇപ്പോൾ എട്ടിലാണ് പഠിക്കുന്നത് . ഇവിടെ വന്നിട്ട് ഒരു വർഷമായിട്ടുണ്ട്. ഇവിടെ മൂന്നാം ക്ലാസിൽ ഉണ്ടായിരുന്നു.മൂന്നാം ക്ലാസ് കഴിഞ്ഞപ്പോൾ

ഞാൻമുംബൈയിലെ സ്കൂളിലാണ് പഠിച്ചത് .എന്നിട്ട് ഈ വർഷം ഇവിടെ വന്നപ്പോൾ എനിക്ക് ഒരുമാതിരിയായി ,ഞാൻ ഇവിടെ അഡ്മിഷന് വന്നപ്പോൾ എന്റെ വാപ്പാരോട് ചോദിച്ചിട്ട് നമ്മുടെ സ്കൂളാകെ നോക്കിയപ്പോൾ എനിക്ക് പണ്ടത്തെ ഓർ മ്മകൾ വന്നു.ഞാൻ സ്കൂകൂളിന്റെ എല്ലാ ഭാഗവും നോക്കി.ഞാൻ ഈ വർഷം വന്നപ്പോൾ എല്ലാ കൂട്ടുക്കാരും എന്റെടുത്ത് ചോദിച്ചത് ഈ വാക്യമാണ് ”ഞാനാരാണെന്ന്അറിയാമോ”.പണ്ടത്തെ കൂട്ടുകാരെ കണ്ടപ്പോൾ തന്നെ മനസ്സിലായി പക്ഷെപേരുകളെല്ലാംമറന്നുപോയി.അപ്പോ ഴൊന്നുംമലയാളംഅറിഞ്ഞുകൂടായിരുന്നു.ഇ പ്പോൾഎനിക്ക്മലയാളംഅല്പംഅറിയാം. അധ്യാപകരെല്ലാംമനസ്സിലാക്കിത്തരുന്നുണ്ട്. ക്ലാസ്സിന്റെ പുറത്ത് ഇരുന്നാണ് ഞാനുംഎന്റെകൂട്ടുകാരുംചോറുകഴിക്കുന്നത് .എല്ലാവരും ഒരുമിച്ച് കളിക്കാൻ പോകും,പഠിക്കാൻ പോകും സ്കൂൾവിട്ടാൽ നമ്മളെല്ലാവരും ഒരുമിച്ച് വീട്ടിലേക്ക് പോകും .. .എനിക്ക് ഇവിടെ പത്താം ക്ലാസുവരെ തുടരണം എന്നാണ് ആഗ്രഹം.





കൂട്ട്

## എന്റെ പ്രിയപ്പെട്ടകൂട്ടുകാരൻ



**ശ്രീഹരി 8 ബി**

എന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുക്കാരൻഅതുലാണ്.എന്റെ വീടിന്റെ കുറച്ച് താഴെയായി തന്നെയാണ് അവന്റെയും വീട്.ഞാൻ ചില ഞായറാഴ്ചകളിൽ അവന്റെ വീട്ടിൽ പോകും.ഞാൻ ആദ്യമായിട്ട് പ്രാവ് വളർ ത്താൻ തുടങ്ങിയപ്പോൾ എല്ലാ സഹായവും ചെയ്തത്.അവനും ഞാനും ഒരുമിച്ച് ട്യൂഷനും പോയിട്ട് വരുമ്പോൾ എന്റെ വീട്ടിൽ നിന്ന് വെള്ളവും കുടിച്ച് തിരിച്ച് അവന്റെ വീട്ടിൽ കൊണ്ടുവിടും.എന്നിട്ടോ അവന്റെ പ്രാവിനെയുംകണ്ട് തിരിച്ചുവരും.എന്റെനല്ല കൂട്ടുകാരൻ അവൻ തന്നെയാണ്.


# ലിറ്റിൽകൈറ്റ്സ് കൂട്ടുകാർക്ക് ക്യാമറ ലഭിച്ചപ്പോൾ........

ഞങ്ങൾക്ക് DSLR ക്യാമറ ലഭിച്ചപ്പോൾ കൂട്ടുകാരല്ലാം അത് പ്രയോജനപ്പെടുത്തി.ഡോക്യുമെന്ററി,ഷോർട്ട് ഫിലിം,സ്കൂൾ പ്രവർത്തനങ്ങൾ റെക്കോർഡ് ചെയ്യൽ എല്ലാം ഞങ്ങളുടെ ഇഷ്ടങ്ങളായി.അതില് പ്രൊഫഷണൽടച്ചോടെ ഫോട്ടോയെടുത്ത് ചരിത്രം സൃഷ്ടിച്ച കൂട്ടുകാരാണ് ഫാസിലും നവീനും അവരുടെ ചില ഫോട്ടോഗ്രാഫ്സ് വായനക്കാർക്കായി പങ്കുവയ്ക്കുന്നു.

**എഡിറ്റർ**




**ഫാസിൽ'സ് ഫോട്ടോഗ്രഫി**



നവീൻസ് ഫോട്ടോഗ്രഫി

